## കേരള സർക്കാർ

# നവകേരളം കർമപദ്ധതി

## പ്രവർത്തന റിപ്പോർട്ട്

## 2025 ഏപ്രിൽ

## ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 29 |
| വിദ്യാകിരണം | 31 |
| ആർദ്രം മിഷൻ | 35 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 45 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | മാർച്ച് വരെ | ഏപ്രിൽ | ആകെ |
|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 319 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 34,283 | 60 | 34,283 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 42781 | 3913 | 46694 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3956 | 60 | 4013 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5689 | 73 | 5762 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 9879 | 60 | 9939 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 18998 | 194 | 19192 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 798 | 39 | 837 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 74507 | 1616 | 76123 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (*ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | | | 1034 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 349 | 7 | 356 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | | | 218 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 3368.15 | 188.24 | 3556.38 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3661 | 5 | 3666 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1,174.07 | 1.03 | 1175.10 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | | | 13 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 2,422 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 1181 | 6 | 1187 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 66 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 152 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ സർവ്വേ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 8 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ സർവ്വേ നടത്തിയ സ്ഥാപനങ്ങൾ (Institutions) | | | 54 |
| സർവ്വേ നടത്തിയതിൽ നെറ്റ് സീറോ അവസ്ഥ കൈവരിച്ച സ്ഥാപനങ്ങൾ (Institutions) | | | 8 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2025 ഏപ്രിൽ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഏറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 152 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.

പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശിൽപ്പശാല / യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടറും തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

നെറ്റ് സീറോ കാർ ബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി കാർബൺ ആഗിരണം, കാർബൺ പുറംതള്ളൽ എന്നിവയുടെ തോത് കണക്കാക്കുന്നതിനായി എല്ലാ ജില്ലകളിലും സർവേ ആരംഭിച്ചു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഹരിതകേരളം മിഷൻ തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് സർവേ നടത്തുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത സ്ഥാപനങ്ങളിലാണ് സർവേ ആരംഭിച്ചത്. ഇതിനായി പരിശീലനം ലഭിച്ച ഹരിതകേരളം മിഷൻ

റിസോഴ്സ് പേഴ്സൺമാർ, ഇന്റേൺസ് എന്നിവരടങ്ങുന്ന ടീം സ്ഥാപനങ്ങൾ സന്ദർശിച്ച് അധികൃതരുമായി ചർച്ച നടത്തി. സ്ഥാപന അധ്യക്ഷന്മാരും പ്രധാന പ്രവർത്തകരും ഹരിതകേരളം മിഷൻ പ്രതിനിധികളുമടങ്ങുന്ന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണം, വെള്ളം, കൃഷി, ഊർജ്ജം, ഗതാഗതം, പച്ചത്തുരുത്ത്, വൃക്ഷവത്കരണം തുടങ്ങിയ വിവരങ്ങളാണ് ശേഖരിക്കുന്നതോടൊപ്പം ഇടപെടലുകളും നടത്തുന്നു. ഇത്തരത്തിൽ 14 ജില്ലകളിലെ 55 സ്ഥാപനങ്ങളിൽ സർവ്വേ നടത്തിയെങ്കിലും 7 ജില്ലകളിലെ 8 സ്ഥാപനങ്ങളിലാണ് നെറ്റ് സീറോ അവസ്ഥ കൈവരിച്ചതായി കണ്ടെത്തിയിട്ടുള്ളത്.

| ജില്ല | നെറ്റ് സീറോ കാർബൺ അവസ്ഥ സ്വീകരിച്ച സ്ഥാപനങ്ങളുടെ പേര് |
|---|---|
| തിരുവനന്തപുരം | മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോ |
| ആലപ്പുഴ | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര |
| തൃശൂർ | ജ്യോതി എൻജിനിയറിങ് കോളേജ്, പാഞ്ഞാൾ |
| മലപ്പുറം | നിലമ്പൂർ തേക്ക് മ്യൂസിയം |
| വയനാട് | NAAUP സ്കൂൾ മാനികാവ് |
| കണ്ണൂർ | കോളേജ് ഓഫ് എഞ്ജിനീയറിംഗ്, തലശ്ശേരി |
| കാസർഗോഡ് | നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ്, പടന്നക്കാട് |
| കാസർഗോഡ് | എ സി കെ എൻ എസ് ജി യു പി എസ്, മേലാങ്കോട്ട് |

- ❖ കൊല്ലം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ രണ്ടാംഘട്ടത്തിൽ ഏറ്റെടുത്ത പിറവന്തൂർ പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കാനും പാതയോരങ്ങളിൽ സോളാർ ലൈറ്റ് സ്ഥാപിക്കാനും പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ കോയിപ്രം ബ്ലോക്കിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിൽ 6 ഹെക്ടറിൽ മില്ലറ്റ് കൃഷി ആരംഭിച്ചിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ ഭാഗമായി വനിതകൾക്ക് എൽഇഡി ബൾബ് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു.
- ❖ മലപ്പുറം ജില്ലയിൽ ഏപ്രിൽ മാസം സാഫി കോളേജിൽ നെറ്റ് സീറോ കാർബൺ യോഗം ചേരുകയും സ്ഥാപനത്തിലെ നെറ്റ് സീറോ എമിഷൻ ഗ്യാപ്പുകൾ കണ്ടെത്തി ആക്ഷൻ പ്ലാൻ രൂപികരിച്ചു
- ❖ വയനാട് ജില്ലയിൽ കോട്ടത്തറ ആയുർവേദ ഡിസ്പെൻസറി, ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കരിംകുറ്റി, മീനങ്ങാടി സുധിക്കവല അംഗനവാടി, ചേകാടി ജി എൽ പി സ്കൂൾ എന്നിവിടങ്ങളിൽ കാർബൺ എമിഷൻ സ്ഥാപനതല സർവ്വെ പൂർത്തീകരിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ നെറ്റ് സീറോ തദ്ദേശസ്ഥാപനങ്ങളിലെ കോർ ഗ്രൂപ്പ് അംഗങ്ങൾ, പഞ്ചായത്ത് തല ആർ പി മാർ എന്നിവരുടെ നേതൃത്വത്തിൽ എനർജി എഫിഷ്യന്റ് ഡ്രൈവിംഗ് എന്ന വിഷയത്തിൽ ടാക്സി ഡ്രൈവർമാർക്ക് പരിശീലനം നൽകി.
- ❖ കാസർഗോഡ് ജില്ലയിൽ കാർബൺ എമിഷൻ സ്ഥാപനതല സർവ്വെ 9 ഇടങ്ങളിൽ പൂർത്തീകരിച്ചു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ഏപ്രിൽ മാസം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 32 | 110 | 186 | 148 | 444 | 0 | 0 | 0 | 0 | 581 | 1430 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | |
| 8 | 21 | 24 | 88 | 133 | 0 | 0 | 0 | 0 | 202 | 59 |

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. സർക്കാരിന്റെ പ്രകടന പത്രികയിൽ 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2025 ഏപ്രിൽ മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 46,693.03 കിലോമീറ്റർ നീർച്ചാലുകളും 4013 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 92,429.02 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5762 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 837 സ്ഥിരം തടയണകളും 76123 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

**ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021 ഏപ്രിൽ മുതൽ 2025 ഏപ്രിൽ മാസം വരെ)**

| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമ്മിച്ചകുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 6847.14 | 621 | 548 | 1065 | 3531 | 104 | 17097 |
| കൊല്ലം | 4880.65 | 235 | 491 | 731 | 3592 | 8 | 15977 |
| പത്തനംതിട്ട | 1846.42 | 197 | 210 | 597 | 964 | 29 | 4483 |
| ആലപ്പുഴ | 2230.20 | 86 | 47 | 211 | 352 | 18 | 2665 |
| കോട്ടയം | 1533.93 | 63 | 268 | 454 | 605 | 55 | 1952 |
| ഇടുക്കി | 4335.31 | 238 | 307 | 290 | 336 | 63 | 1561 |
| എറണാകുളം | 3076.83 | 179 | 296 | 857 | 523 | 22 | 0 |
| തൃശ്ശൂർ | 2425.77 | 159 | 158 | 439 | 1153 | 12 | 152 |
| പാലക്കാട് | 8083.25 | 790 | 941 | 697 | 1715 | 26 | 14310 |
| മലപ്പുറം | 1734.31 | 405 | 502 | 255 | 1955 | 170 | 1124 |
| കോഴിക്കോട് | 2339.63 | 208 | 197 | 425 | 1068 | 45 | 341 |
| വയനാട് | 2064.97 | 86 | 776 | 139 | 371 | 94 | 2430 |
| കണ്ണൂർ | 3464.68 | 584 | 556 | 2869 | 1622 | 113 | 11380 |
| കാസർഗോഡ് | 1829.94 | 162 | 465 | 910 | 1405 | 78 | 2651 |
| ആകെ | 46693.03 | 4013 | 5762 | 9939 | 19192 | 837 | 76123 |

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9939 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും, 19192 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3,592 എണ്ണം), തിരുവനന്തപുരം (3,531) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2869). പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

ഏപ്രിൽ മാസത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 3912.55 കിലോമീറ്റർ നീർച്ചാലുകളും 60 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 73 പുതിയ കുളങ്ങൾ

നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഏപ്രിൽ മാസത്തിൽ 60 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 194 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി റിപ്പോർട്ട് മാസത്തിൽ 39 സ്ഥിരം തടയണകളും 1616 താൽക്കാലിക തടയണകളും നിർമ്മിച്ചു.

- ❖ തിരുവനന്തപുരം ജില്ലയിൽ 65.76 കി.മീ നീർച്ചാലും, 5 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു, ഇതോടൊപ്പം ഒരു കിണർ റീചാർജ് ചെയ്യുകയും 1 കുളം, 25 കിണറുകൾ, 288 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തു.
- ❖ പത്തനംതിട്ട ജില്ലയിൽ 45.82 കി.മീ വിസ്തൃതിയിൽ 65 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്, ഇതോടൊപ്പം 3 കുളങ്ങൾ, 18 കിണറുകൾ, 128 താൽക്കാലിക തടയണകൾ നിർമ്മിച്ചു. തൻ മാസം 4 കിണറുകൾ റീചാർജ്ജ് ചെയ്തു.
- ❖ ആലപ്പുഴ ജില്ലയിൽ ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 318.82 കി മീ നീളത്തിൽ 335 നീർച്ചാലുകൾ പുനരുജീവിപ്പിച്ചു. ഇതോടൊപ്പം പുതിയ 3 കുളങ്ങൾ, 8 കിണറുകളും, 30 താൽക്കാലികം തടയണയും ഏപ്രിൽ മാസം നിർമ്മിച്ചിട്ടുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ 80.595 കി.മി നീർച്ചാലും, 11 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു, ഇതോടൊപ്പം 9 കുളങ്ങൾ, 28 കിണറുകൾ നിർമ്മിക്കുകയും ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ 139.6 കിമി നീർച്ചാലും, 16 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം 4 കുളങ്ങൾ, 6 കിണറുകൾ, 165 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും, 13 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും ചെയ്തു.
- ❖ കാസർഗോഡ് ജില്ലയിൽ ഏപ്രിൽ മാസം 17.4 കി.മീ നീളത്തിൽ 76 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 6 കുളങ്ങൾ നിർമ്മിച്ചു. 9 കിണറുകൾ റീചാർജ്ജ് ചെയ്തു. ഇതോടൊപ്പം 16 പുതിയ കിണറുകളും നിർമ്മിച്ചിട്ടുണ്ട്.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണസ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കേരളത്തിലെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് തയ്യാറാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും 664 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊർജിതമായി നടന്നു വരുന്നു. ഇവ പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 64% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് ആകും എന്നത് ശ്രദ്ധേയമാണ്. നിലവിൽ 492 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിന്റെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിൽ 447 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിന്റെ റിപ്പോർട്ട് ആയിട്ടുണ്ട്. ഇവയിൽ ഉൾപ്പെട്ട 356 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2025 ഏപ്രിൽ മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- ❖ ഏപ്രിൽ മാസം സംസ്ഥാനത്താകെ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം ജില്ലയിലെ 5 ഗ്രാമപഞ്ചായത്തുകളിലും, കണ്ണൂർ ജില്ലയിലെ 2 ഗ്രാമപഞ്ചായത്തുകളിലും ഏപ്രിൽ മാസം റിപ്പോർട്ട് പ്രകാശനം നടന്നു.

നിലവിൽ ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

| ജല ബജറ്റ് | | | |
|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണം സജ്ജമായിട്ടുള്ളത് | ഇതിൽ റിപ്പോർട്ട് അവതരണം നടത്തിയത് |
| തിരുവനന്തപുരം | 78 | 22 | 14 |
| കൊല്ലം | 73 | 32 | 32 |
| പത്തനംതിട്ട | 57 | 17 | 13 |
| ആലപ്പുഴ | 78 | 16 | 8 |
| കോട്ടയം | 77 | 38 | 9 |
| ഇടുക്കി | 54 | 25 | 13 |
| എറണാകുളം | 96 | 15 | 15 |
| തൃശ്ശൂർ | 94 | 20 | 19 |
| പാലക്കാട് | 95 | 36 | 30 |
| മലപ്പുറം | 106 | 16 | 16 |
| കോഴിക്കോട് | 78 | 76 | 73 |
| വയനാട് | 26 | 26 | 26 |
| കണ്ണൂർ | 81 | 67 | 47 |
| കാസർഗോഡ് | 41 | 41 | 41 |
| ആകെ | 1034 | 447 | 356 |

- തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തുകളിൽ വിവര ശേഖരണം പൂർത്തിയാക്കി ഏപ്രിൽ മാസം റിപ്പോർട്ട് അവതരണം പ്രസിദ്ധീകരിച്ചു.
- കൊല്ലം ജില്ലയിൽ ഏപ്രിൽ മാസത്തിൽ മൈനാഗപ്പള്ളി, ശാസ്താംകോട്ട ഗ്രാമപഞ്ചായത്തുകളിലെ ജലബജറ്റ് കരട് റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരണം നടന്നു.
- കോട്ടയം ജില്ലയിൽ ഏപ്രിൽ മാസത്തിൽ ജല ബജറ്റിന്റ ഭാഗമായി ഉഴവൂർ, കാഞ്ഞിരപ്പിള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ കളക്ഷൻ നടത്തി. വാഴൂർ ബ്ലോക്കിന്റെ കരട് റിപ്പോർട്ട് പൂർത്തീകരിച്ചു.
- പാലക്കാട് ജില്ലയിൽ പട്ടാമ്പി ബ്ലോക്കിന്റെ ജലബജറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. വിവിധ വകുപ്പുകളുടെ സംയോജനത്തോടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2025 ഏപ്രിൽ 2 നു ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേർന്നു.
- മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 ഗ്രാമപഞ്ചായത്തുകളിൽ ജലബജറ്റ് തുടർപ്രവർത്തനത്തിന്റെ ഭാഗമായി സാങ്കേതിക സമിതി ചേർന്ന് ജലദൗർലഭ്യം അനുഭവപ്പെടുന്ന 99 പ്രദേശങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തി.
- കോഴിക്കോട് ജില്ലയിൽ ജലബജറ്റ് തുടർ പ്രവർത്തനത്തിന്റെ ഭാഗമായി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ഓട്ടോമാറ്റിക്ക് വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം KSDMA ഓഫീസ് സന്ദർശിച്ചു യോഗം നടത്തി.
- കണ്ണൂർ ജില്ലയിൽ ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ മെയ് മാസം ജലബജറ്റ് പ്രകാശനം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ ഏപ്രിൽ മാസം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 41 | 130 | 184 | 237 | 551 | 1 | 36 | 0 | 0 | 2519 | 149 |

## 4.സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ (RKI) സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് പദ്ധതി 8 ജില്ലകളിൽ പൂർത്തീകരിക്കുകയും ഇടുക്കി ജില്ലയിൽ പുരോഗമിക്കുകയുമാണ്.

| ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് തല പ്രവർത്തനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് ഏപ്രിൽ മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 6.00 | 391.09 |
| പത്തനംതിട്ട | 16 | 16 | 16 | 16 | 7 | 5.40 | 135.23 |
| കോട്ടയം | 32 | 32 | 32 | 32 | 32 | 21.75 | 90.65 |
| ഇടുക്കി | 49 | 37 | 37 | 26 | 0 | 0.00 | 0.00 |
| എറണാകുളം | 17 | 17 | 17 | 17 | 17 | 93.45 | 707.21 |
| പാലക്കാട് | 51 | 51 | 51 | 51 | 41 | 34.73 | 1767.03 |
| കോഴിക്കോട് | 14 | 14 | 14 | 14 | 14 | 10.21 | 122.28 |
| വയനാട് | 26 | 26 | 26 | 26 | 22 | 3.20 | 88.20 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 13.50 | 254.70 |
| ആകെ | 230 | 218 | 218 | 207 | 158 | 188.24 | 3556.38 |

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 218 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 158 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 158 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 158 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി ഏപ്രിൽ മാസത്തിൽ 188.24 കി.മീ. നീർച്ചാൽ ശ്യംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 158 ഗ്രാമപഞ്ചായത്തുകളിലായി 3556.38 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

- എറണാകുളം (93.45 കി.മീ), പാലക്കാട് (34.72 കി.മീ), കോട്ടയം (21.75 കി.മീ), കണ്ണൂർ (13.5 കി.മീ), കോഴിക്കോട് (10.21 കി.മീ), കൊല്ലം (6 കി.മീ), പത്തനംതിട്ട (5.4 കി.മീ) വയനാട് (3.2 കി.മീ) എന്ന

തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം ഏപ്രിൽ മാസത്തിൽ നടന്നത്.

- ❖ കൊല്ലം ജില്ലയിൽ നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 391.09 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ കോട്ടയം ജില്ലയിൽ നാളിതുവരെ 31 ഗ്രാമപഞ്ചായത്തുകളിലായി 90.65 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

## 5.നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപം കൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു.

- ❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 366 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.
- ❖ സംസ്ഥാനത്തെ 366 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റടുത്ത 57719 നീരുറവ് പ്രവർത്തനങ്ങളിൽ 53563 പ്രവർത്തനങ്ങൾ (92%) പൂർത്തീകരിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ 16.09 കി.മീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. ഏപ്രിൽ മാസത്തിൽ പുതിയ 1 കുളവും, 2 കിണറും, 36 താൽക്കാലിക തടയണകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്.

| നീരുറവ് പ്രവർത്തന പുരോഗതി - ഏപ്രിൽ മാസം വരെ | | | | |
|---|---|---|---|---|
| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
| തിരുവനന്തപുരം | 8 | 3377 | 2657 | 78.68% |
| കൊല്ലം | 12 | 23305 | 23305 | 100.00% |
| പത്തനംതിട്ട | 47 | 1885 | 1100 | 58.36% |
| ആലപ്പുഴ | 8 | 752 | 400 | 53.19% |
| കോട്ടയം | 36 | 5909 | 5909 | 100.00% |
| ഇടുക്കി | 47 | 1342 | 1272 | 94.78% |
| എറണാകുളം | 34 | 3601 | 2800 | 77.76% |
| തൃശ്ശൂർ | 20 | 641 | 641 | 100.00% |
| പാലക്കാട് | 69 | 10336 | 10336 | 100.00% |
| മലപ്പുറം | 7 | 600 | 592 | 98.67% |
| കോഴിക്കോട് | 24 | 2056 | 638 | 31.03% |
| വയനാട് | 26 | 688 | 686 | 99.71% |
| കണ്ണൂർ | 23 | 2666 | 2666 | 100.00% |
| കാസർഗോഡ് | 5 | 561 | 561 | 100.00% |
| ആകെ | 366 | 57719 | 53563 | 92.80% |

- കോട്ടയം ജില്ലയിൽ നീരുറവ് ഡി.പി.ആറിൽ ഉൾപ്പെട്ട 5909 പ്രവൃത്തികൾ ഏപ്രിൽ മാസം വരെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 121 പ്രവൃത്തികളാണ് ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്.
- ഇടുക്കി ജില്ലയിൽ നീരുറവ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി 49.93 കി.മി നീർച്ചാലും, 5 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു, 10 പുതിയ കുളങ്ങളും 4 താൽക്കാലിക തടയണകൾ റിപ്പോർട്ട് മാസം നിർമിച്ചു.
- കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തിലാണ് നീരുറവ് പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയത്. 6.05 കി മീ നീളത്തിൽ 27 നീർച്ചാലുകളും, 3 കുളങ്ങളുടെ പുനരുജ്ജീവനവും നടന്നു. 7 കിണർ റീചാർജ്ജിംഗും ഒരു പുതിയ കിണറും തൻ മാസം നിർമ്മിച്ചിട്ടുണ്ട്.

| നീരുറവ് ഏപ്രിൽ മാസം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 8 | 19 | 83 | 35 | 137 | 1 | 85 | 2 | 180 | 116 | 22 |

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | | |
|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | | മാർച്ച് വരെ | ഏപ്രിൽ | ആകെ |
| തിരുവനന്തപുരം | 13 | 1,595 | 3 | 1,598 |
| കൊല്ലം | 11 | 1,274 | 1 | 1,275 |
| പത്തനംതിട്ട | 21 | 136 | 0 | 136 |
| ആലപ്പുഴ | 28 | 920 | 0 | 920 |
| കോട്ടയം | 31 | 1,946 | 27 | 1,973 |
| ഇടുക്കി | 35 | 2,661 | 0 | 2,661 |
| എറണാകുളം | 54 | 1,134 | 29 | 1,163 |
| തൃശ്ശൂർ | 54 | 19,053 | 0 | 19,053 |
| പാലക്കാട് | 10 | 269 | 0 | 269 |
| മലപ്പുറം | | | | |
| കോഴിക്കോട് | 29 | 2,106 | 0 | |
| വയനാട് | | | | |
| കണ്ണൂർ | 21 | 2,074 | 0 | 2,074 |
| കാസർഗോഡ് | 12 | 1,115 | 0 | 1,115 |
| ആകെ | 319 | 34,283 | 60 | 34,343 |

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ

പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്. ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നാണ് ബാക്കിയുള്ള ലാബുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്തു 319 ലാബുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 128 ലാബുകൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയും 191 ലാബുകൾ ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നുമാണ് സ്ഥാപിച്ചിട്ടുള്ളത്. വിവിധ ലാബുകളിലായി 34,343 ജലസാമ്പിളുകൾ ഇതുവരെ പരിശോധിച്ചു. 215 ലാബുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. ലാബുകൾ സ്ഥാപിച്ച 292 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

❖ കൊല്ലം ജില്ലയിൽ സർക്കാരിന്റെ 4-ാം വാർഷികത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണനമേളയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ അഞ്ചൽ ഈസ്റ്റ് എച്ച്.എസ്സ്.എസ്സുമായി ചേർന്ന് സൗജന്യ ജലഗുണനിലവാര പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

❖ തൃശൂർ ജില്ലയിൽ ജല ഗുണനിലവാര പരിശോധന ലാബ് രണ്ടാംഘട്ടത്തിൽ 36 സ്കൂളുകളിലേക്കായി കിറ്റുകളുടെ വിതരണം പൂർത്തീകരിച്ചു, ഫണ്ട് വകയിരുത്താത്ത 14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വകയിരുത്തുന്നതിനുള്ള നിർദ്ദേശം നൽകി.

❖ തൃശൂർ ജില്ലയിൽ കിറ്റുകൾ വിതരണം ചെയ്ത സ്കൂളുകളിലെ ടീച്ചർമാർക്കും തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള പരിശീലനം ഓൺലൈനായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

❖ പാലക്കാട് ജില്ലയിൽ നെന്മാറ നിയോജക മണ്ഡലത്തിലെ 10 സ്കൂളുകളിലും ജലഗുണനിലവാര ലാബുകൾ ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

❖ കണ്ണൂർ ജില്ലയിൽ ജലഗുണനിലവാര ലാബുകളിലേക്ക് പരിശോധന സാമഗ്രികൾ വാങ്ങുന്നതിനായി കണ്ണൂർ ജില്ലാ പഞ്ചായത്ത് 2 ലക്ഷം രൂപ പദ്ധതി തുക വകയിരുത്തിയിട്ടുണ്ട്.

## 7. പച്ചത്തുരുത്തുകൾ

❖ 2019 ജൂൺ മുതൽ 2025 മാർച്ച് വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 1175.10 ഏക്കർ ആകെ വിസ്തൃതിയിൽ 3666 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. 2025 ഏപ്രിൽ മാസത്തിൽ മാത്രം സംസ്ഥാനത്തു 1.03 ഏക്കർ ആകെ വിസ്തൃതിയിൽ 5 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (315.86 ഏക്കർ ആകെ വിസ്തൃതിയിൽ 235 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (246.11 ഏക്കർ ആകെ വിസ്തൃതിയിൽ 830 പച്ചതുരുത്തുകൾ).

| പച്ചത്തുരുത്ത് ഏപ്രിൽ മാസം | | | |
|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | മാർച്ച് വരെ | ഏപ്രിൽ | ആകെ |
| എണ്ണം | 3661 | 5 | 3666 |
| വിസ്തൃതി (ഏക്കർ) | 1174.07 | 1.03 | 1175.10 |

❖ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ വാർഡ് 11-ലെ 2 ഏക്കർ പൊതു സ്ഥലം പച്ചത്തുരുത്ത് ആരംഭിക്കുന്നതിന് പുതിയതായി കണ്ടെത്തിയിട്ടുണ്ട്.

❖ കൊല്ലം ജില്ലയിൽ IREL–ന്റെ ഉടമസ്ഥതയിൽ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ 10 ഏക്കർ ഖനനം കഴിഞ്ഞ ഭൂമിയിൽ പച്ചത്തുരുത്ത് ആരംഭിക്കുന്നതിനും ധാരണയായിട്ടുണ്ട്. KMML, IRE എന്നിവിടങ്ങളിൽ നടുന്നതിനായി കൂടുതൽ തൈകൾ കശുവണ്ടി വികസന ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

❖ എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ നഗരസഭ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പച്ചത്തുരുത്തിന്റെ ഉദ്ഘാടനം നഗരസഭ ചെയർപേഴ്സൺ നിർവഹിച്ചു.

❖ പാലക്കാട് ജില്ലയിൽ ആകെയുള്ള പച്ചത്തുരുത്തുകളിൽ 4 എണ്ണം ഏപ്രിൽ മാസം പുനസന്ദർശിച്ചിട്ടുണ്ട്. അവസ്ഥ വിലയിരുത്തുമ്പോൾ പച്ചത്തുരുത്തുകൾ എല്ലാം നല്ല രീതിയിൽ കാണപ്പെട്ടു. ഈ 4 പച്ചത്തുരുത്തുകളിൽ (190 സെന്റിൽ) ഏകദേശം 950 വൃക്ഷതൈകൾ

നിലവിലുണ്ട്.

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 മാർച്ച് വരെ | | 2025 ഏപ്രിൽ മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2025 ഏപ്രിൽ വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 511 | 64.02 | 0 | 0 | 511 | 64.02 |
| കൊല്ലം | 286 | 76.11 | 0 | 0 | 286 | 76.11 |
| പത്തനംതിട്ട | 190 | 34.71 | 2 | 0.20 | 192 | 34.91 |
| ആലപ്പുഴ | 102 | 22.65 | 0 | 0 | 102 | 22.65 |
| കോട്ടയം | 276 | 32.87 | 0 | 0 | 276 | 32.87 |
| ഇടുക്കി | 86 | 37.42 | 0 | 0 | 86 | 37.42 |
| എറണാകുളം | 151 | 21.35 | 1 | 0.10 | 152 | 21.45 |
| തൃശ്ശൂർ | 213 | 44.97 | 0 | 0 | 213 | 44.97 |
| പാലക്കാട് | 338 | 127.45 | 0 | 0 | 338 | 127.45 |
| മലപ്പുറം | 149 | 75.89 | 0 | 0 | 149 | 75.89 |
| കോഴിക്കോട് | 225 | 52.02 | 0 | 0 | 225 | 52.02 |
| വയനാട് | 71 | 23.36 | 0 | 0 | 71 | 23.36 |
| കണ്ണൂർ | 235 | 315.86 | 0 | 0 | 235 | 315.86 |
| കാസർഗോഡ് | 828 | 245.38 | 2 | 0.73 | 830 | 246.11 |
| ആകെ | 3661 | 1174.07 | 5 | 1.03 | 3666 | 1175.10 |

- കണ്ണൂർ ജില്ലയിൽ 2025 ജൂൺ മാസത്തെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജില്ലയുടെ പരിപാടികൾ ജൂൺ 2 മുതൽ 7 വരെ പരിസ്ഥിതി വാരാചരണം എന്ന നിലയിൽ നടത്തുന്നതിന് തീരുമാനിച്ചു.
- കാസർഗോഡ് ജില്ലയിൽ 3 പച്ചത്തുരുത്തുകൾ റിവിസ്റ്റ് നടത്തിയിട്ടുണ്ട്.

| പച്ചത്തുരുത്ത് ഏപ്രിൽ മാസം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 12 | 21 | 62 | 39 | 122 | 0 | 0 | 0 | 0 | 730 | 253 |

## 8.കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 13 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം ഏപ്രിൽ മാസം വരെ 2422 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 1186 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തൃശ്ശൂർ (317), തിരുവനന്തപുരം (297), കാസർഗോഡ് (163), കണ്ണൂർ (125), വയനാട് (92), പത്തനംതിട്ട (60), കൊല്ലം (59) എന്നീ ജില്ലകളാണ്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 13 | 3040 | 2422 | 1187 |

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.

| കാർഷിക മേഖലയിലെ ഇടപെടലുകൾ ഏപ്രിൽ മാസം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 13 | 32 | 40 | 185 | 257 | 0 | 0 | 0 | 0 | 155 | 232 |

- തിരുവനന്തപുരം ജില്ലയിൽ വക്കം പഞ്ചായത്ത് പ്രസിഡന്റ് ഹരിത സമൃദ്ധി പ്രഖ്യാപനം നടത്തി.
- കൊല്ലം ജില്ലയിൽ തഴവ ഗ്രാമപഞ്ചായത്തിലെ പറമ്പത്ത് കുളങ്ങര ദേവി ക്ഷേത്രത്തിൽ 25 സെന്റ് സ്ഥലത്തും, ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ പുതുശ്ശേരി ക്ഷേത്രത്തിൽ 150 സെന്റ് സ്ഥലത്തും ദേവഹരിതം പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കൊല്ലം ജില്ലയിൽ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ വെള്ളക്കെട്ട് കാരണം 35 വർഷമായി തരിശായി കിടന്നിരുന്ന ചാലായിൽ മാടന്നട ഏല കൃഷിയോഗ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തോട്ടുമുഖം തോട്ടിലെ ചെളിയും മാലിന്യവും നീക്കം ചെയ്യുന്നതിനും നടുതോട് നിർമ്മിക്കുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

## 9.മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം കുറിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ 2025 മാർച്ച് 30ന് (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ സംസ്ഥാനത്തു നടത്തിയിട്ടുണ്ട്. മാലിന്യം മുക്തം ജനകീയ കാമ്പയിനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തങ്ങൾ നടന്നിട്ടുണ്ട്. മാർച്ച് 30ന് ശേഷവും വിവിധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനപരിപാടികൾ / ഹരിത പ്രഖ്യാപനങ്ങൾ എന്നിവ നടന്നു വരുന്നു. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എല്ലാം നല്ല രീതിയിലുള്ള പുരോഗതി കൈവരിച്ചിട്ടുണ്ട്.

| മാലിന്യം മുക്തം ജനകീയ കാമ്പയിൻ പ്രവർത്തനങ്ങൾ | | | |
|---|---|---|---|
| പ്രവർത്തനങ്ങൾ | തിരഞ്ഞെടുത്തത് | പ്രഖ്യാപനം നടത്തിയത് | ശതമാനം |
| ടൗൺ | 3096 | 3053 | 98.61% |
| മാർക്കറ്റ് / പൊതുസ്ഥലം | 3272 | 3217 | 98.32% |
| അയൽക്കൂട്ടങ്ങൾ | 297483 | 297483 | 100.00% |
| ഹരിത വിദ്യാലയങ്ങൾ | 14536 | 14433 | 99.29% |
| ഹരിത കലാലയങ്ങൾ | 1454 | 1425 | 98.01% |
| ഹരിതസ്ഥാപനങ്ങൾ | 60538 | 59795 | 98.77% |
| ഹരിത ടൂറിസം | 419 | 337 | 80.43% |

- ❖ തിരുവനന്തപുരം ജില്ലയിൽ ശുചിത്വസാഗരം സുന്ദര തീരം പദ്ധതിയിൽ ഉൾപ്പെടുത്തി പൊഴിക്കര ബീച്ച് വൃത്തിയാക്കി. നെയ്യാറ്റിൻകര MLA ആൻസലൻ ഉദ്ഘാടനം നിർവഹിച്ചു. കോസ്റ്റൽ പോലീസ്, പഞ്ചായത്ത് ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ, ഫിഷറീസ് വകുപ്പ്, മത്സ്യത്തൊഴിലാളികൾ, SCP, ഹരിത കർമ്മ സേന അംഗങ്ങൾ, സരസ്വതി നഴ്സിംഗ് കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ അയൽക്കൂട്ടം ഭാരവാഹികൾ അടക്കം 325 പേർ പ്രവർത്തനത്തിൽ പങ്കാളികളായി.
- ❖ കൊല്ലം ജില്ലയിൽ ശുചിമുറി മാലിന്യ സംസ്കരണത്തിനായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മൊബൈൽ സംസ്കരണ യൂണിറ്റ് വാങ്ങുന്നതിനുള്ള പദ്ധതിക്ക് ജില്ലാ ആസൂത്രസമിതി അംഗീകാരം ലഭിച്ചു.
- ❖ എറണാകുളം ജില്ലയിൽ മാലിന്യ സംസ്കരണത്തിൽ മികച്ച പ്രവർത്തനത്തിൽ ജില്ലയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തായി ആമ്പല്ലൂരും, മികച്ച നഗരസഭയായി ഏലൂർ നഗരസഭയെയും തിരഞ്ഞെടുത്തു, ഗ്രാമപഞ്ചായത്തുകളിൽ രണ്ടാം സ്ഥാനം പാലക്കുഴ ഗ്രാമപഞ്ചായത്തും, മൂന്നാം സ്ഥാനം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തും അർഹരായി. നഗരസഭകളിൽ മരട് നഗരസഭ, കൂത്താട്ടുകുളം നഗരസഭകൾ രണ്ടും മൂന്നും സ്ഥാനത്ത് എത്തി.
- ❖ എറണാകുളം ജില്ലയിൽ സതേയൺ ഗ്യാസ് റോഡിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന്റെയും നവീകരിച്ച എയറോബിക്ക് പ്ലാന്റിന്റെയും പൂന്തോട്ടത്തിന്റെയും ഉത്ഘാടനം നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർവ്വഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച ഗ്രാമപഞ്ചായത്തുകളെയും പഞ്ചായത്ത് പ്രസിഡന്റുമാരെയും വടക്കാഞ്ചേരി നിയോജകമണ്ഡലം MLA സേവിയർ ചിറ്റിലപ്പള്ളി അവാർഡുകൾ നൽകി ആദരിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ കടപ്പുറം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ വട്ടേക്കാട് സെന്ററിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബോട്ടിൽ ബൂത്ത് സ്ഥാപിച്ചു. ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബോട്ടിൽ ബൂത്ത് ഉദ്ഘാടന കർമ്മം നിർവഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ നവീകരിച്ച എം സി എഫ് മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.
- ❖ കോഴിക്കോട് ജില്ലയിൽ മാലിന്യമുക്തം നവകേരളം വഴി ഉണ്ടാക്കിയ പുരോഗതിയുടെ സുസ്ഥിരത ഉറപ്പുവരുത്താനായി ഏപ്രിൽ മാസം 23 ന് നോഡൽ ഓഫീസർമാരുടെ യോഗം പേരാമ്പ്ര പഞ്ചായത്ത് ഹാളിൽ വച്ച് ചേർന്നു. യോഗത്തിൽ 90 പേർ പങ്കെടുത്തു.
- ❖ കാസർഗോഡ് ജില്ലയിൽ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മാലിന്യമുക്തം സുസ്ഥിരത നിലനിർത്തുന്നുവെന്ന് പരിശോധന നടത്തണമെന്നും മിഷൻയോഗം ചേർന്ന് അവസ്ഥ വിശകലനം നടത്തണമെന്നും ആർ പിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏപ്രിൽ മാസം ചെറുവത്തൂർ, ബേഡഡുക്ക, ബളാൽ എന്നിവിടങ്ങളിൽ തദ്ദേശമിഷൻ യോഗം നടന്നിരുന്നു.

## 9.1 ഇനി ഞാൻ ഒഴുകട്ടെ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ എല്ലാ ജലാശയങ്ങളും ജലസ്രോതസ്സുകളും ശുചിയാക്കിയും നീരൊഴുക്ക് വീണ്ടെടുത്തും സംരക്ഷിച്ചും നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്.

- ❖ കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെട്ട 5223.4 കിമീ നീർച്ചാലുകൾ മാലിന്യമുക്തം ജനകീയ കാമ്പയിനിൽ ഉൾപ്പെടുത്തി ഏപ്രിൽ മാസം വരെ വീണ്ടെടുത്തിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ ജലാശയങ്ങളുടെ ശുചിത്വം ഉറപ്പാക്കലിന്റെ ഭാഗമായി ആരംഭിച്ച "ഇനി ഞാൻ ഒഴുകട്ടെ" മൂന്നാംഘട്ടം പ്രവർത്തനത്തിന്റെ ഭാഗമായി 361.9 കി.മീ. നീളത്തിൽ നീർച്ചാൽ പുനരുജ്ജീവനം നടന്നിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ ഇനി ഞാൻ ഒഴുകട്ടെ പ്രവത്തനങ്ങൾ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നടന്നുവരുന്നു. ഇതുവരെ 173.47 കിലോമീറ്റർ നീളത്തിൽ നീർച്ചാൽ പുനരുജ്ജീവനം നടന്നിട്ടുണ്ട്.
- ❖ കോട്ടയം ജില്ലയിൽ ജലാശയങ്ങളുടെ ശുചിത്വം ഉറപ്പാക്കലിന്റെ ഭാഗമായി ഡിസംബർ 8-ന് ആരംഭിച്ച "ഇനി ഞാൻ ഒഴുകട്ടെ" മൂന്നാംഘട്ട പ്രവർത്തനങ്ങൾ 46 ഗ്രാമപഞ്ചായത്തുകളിൽ പുരോഗമിക്കുന്നു.
- ❖ തൃശൂർ ജില്ലയിൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണവുമായി ബന്ധപ്പെട്ടുള്ള

പ്രവർത്തനങ്ങളുടെ ഭാഗമായി തിപ്പിലശ്ശേരി പ്രദേശത്ത് കോതച്ചിറ ചിറമനേങ്ങാട് തോട് പുനരുദ്ധാരണം എന്ന പ്രവർത്തനത്തിന് 3,85,900 രൂപ അനുവദിച്ചു പ്രവർത്തനം പുരോഗമിക്കുന്നു.

- തൃശൂർ ജില്ലയിൽ വേളൂക്കര ഗ്രാമ പഞ്ചായത്തിലെ 7 വാർഡുകളിൽ 7 തോടുകൾ കയർഭുവസ്ത്രം ഉപയോഗിച്ച് നവീകരിക്കുന്ന പ്രവൃത്തി നടന്നു. കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ 10 വാർഡുകളിൽ നീർച്ചാൽ സംരക്ഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വാർഡ് 3 ൽ പുതിയ കിണർ നിർമിച്ചു.

## 9.2 ഹരിത KSRTC

- ആലപ്പുഴ ജില്ലയിലെ KSRTC-ലെ എല്ലാ ഡിപ്പോകളും വർഷോപ്പുകളും ശുചിത്വ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ചെങ്ങന്നൂർ KSRTC ഡിപ്പോ ശുചിത്വ ദിനം ഏപ്രിൽ 26 ന് ആചരിച്ചു.
- വയനാട് ജില്ലയിൽ കല്പറ്റ ഡിപ്പോയെ ഹരിത ഡിപ്പോ ആക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രാഥമിക യോഗം ചേർന്നു.
- കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് KSRTC സബ്ബ് ഡിപ്പോക്ക് ഏപ്രിൽ 16 ന് ഹരിതസ്ഥാപനം സർട്ടിഫിക്കറ്റ് കൈമാറിട്ടുണ്ട്. ഡിപ്പോയിൽ ഔഷധ ചെടികളെ നന്നായി പരിപാലിക്കുന്നുണ്ട്.

## 9.3 ഹരിത സുന്ദര ടൗൺ, മാർക്കറ്റ് / പൊതുസ്ഥലം

- ഏപ്രിൽ മാസം വരെ 3053 ടൗണുകളെയും 3217 പൊതുസ്ഥലങ്ങളെയും ശുചിത്വ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.

| ജില്ല | ടൗൺ | | മാർക്കറ്റ് / പൊതുസ്ഥലം | |
|---|---|---|---|---|
| | എണ്ണം | പ്രഖ്യാപിച്ച ടൗണിന്റെ എണ്ണം | എണ്ണം | പ്രഖ്യാപനം നടത്തിയ മാർക്കറ്റിന്റെ/ പൊതുസ്ഥലത്തിന്റെ എണ്ണം |
| തിരുവനന്തപുരം | 94 | 94 | 123 | 123 |
| കൊല്ലം | 162 | 162 | 73 | 73 |
| പത്തനംതിട്ട | 137 | 137 | 73 | 73 |
| ആലപ്പുഴ | 98 | 98 | 157 | 157 |
| കോട്ടയം | 135 | 135 | 77 | 77 |
| ഇടുക്കി | 233 | 232 | 182 | 181 |
| എറണാകുളം | 344 | 318 | 420 | 414 |
| തൃശൂർ | 538 | 538 | 301 | 301 |
| പാലക്കാട് | 291 | 290 | 268 | 240 |
| മലപ്പുറം | 328 | 313 | 192 | 172 |
| കോഴിക്കോട് | 276 | 276 | 808 | 808 |
| വയനാട് | 57 | 57 | 140 | 140 |
| കണ്ണൂർ | 369 | 369 | 276 | 276 |
| കാസർഗോഡ് | 34 | 34 | 182 | 182 |
| TOTAL | 3096 | 3053 | 3272 | 3217 |

## 9.4 ഹരിത വിദ്യാലയം, ഹരിത കലാലയം

- സംസ്ഥാനത്ത് ആകെയുള്ള 14536 സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിലയിരുത്തൽ നടത്തിയതിൽ 14483 (99.64%) വിദ്യാലയങ്ങൾ ഹരിത വിദ്യാലയം പദവി നേടി.
- സംസ്ഥാനത്തെ 1455 കോളേജുകളിൽ വിലയിരുത്തൽ നടത്തി 1433 എണ്ണം ഹരിത കലാലയ പദവിക്ക് അർഹമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 98.56% കലാലയങ്ങൾ ഹരിത കലാലയങ്ങളായിട്ടുണ്ട്.

| ജില്ല | ഹരിത വിദ്യാലയങ്ങൾ | | | ഹരിത കലാലയങ്ങൾ | | |
|---|---|---|---|---|---|---|
| | ആകെ വിദ്യാലയങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ വിദ്യാലയങ്ങളുടെ എണ്ണം | ശതമാന കണക്കിൽ | ആകെ കലാലയങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ കലാലയങ്ങളുടെ എണ്ണം | ശതമാ കണക്കിൽ |
| തിരുവനന്തപുരം | 1163 | 1163 | 100.00% | 163 | 163 | 100.00% |
| കൊല്ലം | 1081 | 1081 | 100.00% | 114 | 114 | 100.00% |
| പത്തനംതിട്ട | 812 | 800 | 98.52% | 51 | 46 | 90.20% |
| ആലപ്പുഴ | 865 | 865 | 100.00% | 63 | 63 | 100.00% |
| കോട്ടയം | 1051 | 1051 | 100.00% | 128 | 128 | 100.00% |
| ഇടുക്കി | 552 | 552 | 100.00% | 67 | 58 | 86.57% |
| എറണാകുളം | 1248 | 1226 | 98.24% | 113 | 106 | 94.64% |
| തൃശ്ശൂർ | 1176 | 1176 | 100.00% | 122 | 122 | 100.00% |
| പാലക്കാട് | 1092 | 1092 | 100.00% | 111 | 111 | 100.00% |
| മലപ്പുറം | 1705 | 1686 | 98.89% | 156 | 156 | 100.00% |
| കോഴിക്കോട് | 1381 | 1381 | 100.00% | 121 | 120 | 99.17% |
| വയനാട് | 339 | 339 | 100.00% | 50 | 50 | 100.00% |
| കണ്ണൂർ | 1415 | 1415 | 100.00% | 131 | 131 | 100.00% |
| കാസർകോട് | 656 | 656 | 100.00% | 65 | 65 | 100.00% |
| ആകെ | 14536 | 14483 | 99.64% | 1455 | 1433 | 98.56% |

## 9.5 ഹരിത സ്ഥാപനങ്ങൾ

❖ സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ, പൊതുഭരണ സ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്ന 60538 സ്ഥാപനങ്ങളിൽ നിന്നും 59795 (98.77%) സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കിയിട്ടുണ്ട്.

| ജില്ല | ഹരിതസ്ഥാപനങ്ങൾ | | |
|---|---|---|---|
| | ആകെ സ്ഥാപനങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ സ്ഥാപനങ്ങൾ | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 4937 | 4937 | 100.00% |
| കൊല്ലം | 5216 | 5216 | 100.00% |
| പത്തനംതിട്ട | 2645 | 2621 | 99.09% |
| ആലപ്പുഴ | 2735 | 2218 | 81.10% |
| കോട്ടയം | 4371 | 4363 | 99.82% |
| ഇടുക്കി | 3462 | 3441 | 99.39% |
| എറണാകുളം | 5152 | 5044 | 97.90% |
| തൃശ്ശൂർ | 6473 | 6473 | 100.00% |
| പാലക്കാട് | 4970 | 4968 | 99.96% |
| മലപ്പുറം | 5870 | 5860 | 99.83% |
| കോഴിക്കോട് | 5481 | 5468 | 99.76% |
| വയനാട് | 1039 | 1017 | 97.88% |
| കണ്ണൂർ | 5650 | 5650 | 100.00% |
| കാസർഗോഡ് | 2537 | 2519 | 99.29% |
| ആകെ | 60538 | 59795 | 98.77% |

## 9.6 ഹരിത ടൂറിസം

❖ ഏപ്രിൽ മാസം വരെ കേരളത്തിലെ എല്ലാ ജില്ലയിലും ഉൾപ്പെട്ട 337 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ 80.43% ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായിട്ടുണ്ട്.

| ജില്ല | ഹരിത ടൂറിസം | | |
|---|---|---|---|
| | ആകെ കേന്ദ്രങ്ങളുടെ എണ്ണം | എത്ര ടൂറിസം ഡെസ്റ്റിനേഷൻ പ്രഖ്യാപനം നടന്നു | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 31 | 12 | 38.71% |
| കൊല്ലം | 32 | 20 | 62.50% |
| പത്തനംതിട്ട | 7 | 3 | 42.86% |
| ആലപ്പുഴ | 16 | 13 | 81.25% |
| കോട്ടയം | 29 | 20 | 68.97% |
| ഇടുക്കി | 58 | 52 | 89.66% |
| എറണാകുളം | 29 | 17 | 58.62% |
| തൃശൂർ | 48 | 40 | 83.33% |
| പാലക്കാട് | 37 | 37 | 100.00% |
| മലപ്പുറം | 38 | 30 | 78.95% |
| കോഴിക്കോട് | 29 | 29 | 100.00% |
| വയനാട് | 16 | 16 | 100.00% |
| കണ്ണൂർ | 34 | 34 | 100.00% |
| കാസർഗോഡ് | 15 | 14 | 93.33% |
| ആകെ | 419 | 337 | 80.43% |

## 9.7 ഹരിത അയൽക്കൂട്ടങ്ങൾ

| ജില്ല | അയൽക്കൂട്ടങ്ങൾ | | |
|---|---|---|---|
| | ആകെ അയൽക്കൂട്ടങ്ങൾ | ഹരിത പദവി കരസ്ഥമാക്കിയ അയൽക്കൂട്ടങ്ങൾ | ശതമാനം |
| തിരുവനന്തപുരം | 29944 | 29944 | 100.00% |
| കൊല്ലം | 25517 | 25517 | 100.00% |
| പത്തനംതിട്ട | 10165 | 10165 | 100.00% |
| ആലപ്പുഴ | 22277 | 22277 | 100.00% |
| കോട്ടയം | 15202 | 15202 | 100.00% |
| ഇടുക്കി | 11153 | 11153 | 100.00% |
| എറണാകുളം | 24809 | 24809 | 100.00% |
| തൃശ്ശൂർ | 25977 | 25977 | 100.00% |
| പാലക്കാട് | 29046 | 29046 | 100.00% |
| മലപ്പുറം | 33532 | 33532 | 100.00% |
| കോഴിക്കോട് | 27618 | 27618 | 100.00% |
| വയനാട് | 9824 | 9824 | 100.00% |
| കണ്ണൂർ | 20244 | 20244 | 100.00% |
| കാസർഗോഡ് | 12175 | 12175 | 100.00% |
| ആകെ | 297483 | 297483 | 100.00% |

# 10. അഞ്ചുനാട് പരിസ്ഥിതി പുന:സ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും - തുടർ പ്രവർത്തനങ്ങൾ)

### 10.1 നെല്ല് വയലുകളുടെ പുനരുജ്ജീവനം

- കുഞ്ചിപ്പെട്ടിക്കുടി പാടശേഖരം സന്ദർശിച്ച് കർഷകരുമായി സംവദിച്ചു, നിലവിലെ കാർഷിക പ്രവർത്തനങ്ങൾ, മഴമൂലം കൃഷിനാശം സംഭവിച്ച വേനൽക്കാല പച്ചക്കറി കൃഷി എന്നിവ വിലയിരുത്തി. കുഞ്ചിപ്പെട്ടിക്കുടി കർഷകരുടെ യോഗം വിളിച്ചുചേർക്കുകയും നെൽകൃഷി സബ്സിഡികൾ സംബന്ധിച്ച പരാതികളും പ്രശ്നങ്ങളും മനസ്സിലാക്കുകയും ചെയ്തു. എല്ലാ

കർഷകരുടെയും ബാങ്ക് പാസ് ബുക്കുകൾ കൃത്യമായി എൻറർ ചെയ്യുന്നതിന് നിർദ്ദേശിച്ചു. അടിമാലി ഫെസ്റ്റിലെ വിൽപ്പനയ്ക്കായി അരി കുത്തിയെടുക്കാൻ കർഷകർക്ക് നിർദേശം നൽകി. നിലവിൽ 15 ഏക്കറിലാണ് കുഞ്ചിപ്പെട്ടിക്കുടി പാടശേഖരത്തിൽ കൃഷി നടക്കുന്നത്. കുഞ്ചിപ്പെട്ടി ബ്രാൻഡ് അരി പാക്കിങ്, ബ്രാൻഡിംഗ്, വിൽപ്പന എന്നിവയ്ക്ക് ആവശ്യമായ സാങ്കേതിക സാഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്.

- കട്ടമുടിക്കുടി സന്ദർശിച്ചു. കർഷകരുമായി സംവദിച്ചു. സ്ഥലത്തെ 15 ഏക്കറോളം വരുന്ന പാടശേഖരം 40 വർഷത്തിലധികമായി തരിശുനിലമാണ്. ഇപ്രാവശ്യം ഇവിടം നെൽകൃഷി ചെയ്യുന്നതിന് 16 കർഷകർ മുന്നോട്ടു വന്നിട്ടുണ്ട്. ആദ്യഘട്ട ഫീൽഡ് സന്ദർശനം നടത്തി, കർഷകരുടെ വിപുലമായ യോഗം ചേരുന്നതിന് പ്രവർത്തനങ്ങൾ ചെയ്തു.
- കൊരങ്ങാട്ടി പാടശേഖരം സന്ദർശിച്ചു, ഇറിഗേഷൻ വകുപ്പിന്റെ കനാൽ പദ്ധതി പുരോഗതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി, പ്രവർത്തനങ്ങൾ വിലയിരുത്തി. തൊഴിലുറപ്പ് പദ്ധതി ഓഫീസുമായി ബന്ധപ്പെട്ട് പാടശേഖരത്തിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

### 10.2 SSI കരിമ്പ് കൃഷി

- SSI കരിമ്പ് കൃഷിയുമായി ബന്ധപ്പെട്ട പ്രൊപ്പോസലും അനുബന്ധ പ്രവർത്തനങ്ങളും കൃഷി ഓഫീസറുമായി ചർച്ച ചെയ്തു. അഞ്ചു നാട് കരിമ്പ് ഉല്പാദന വിതരണ സംഘം പുതിയ ഭാരവാഹികളുമായി സംസാരിച്ചു. എസ്എസ്ഐ കരിമ്പ് കൃഷി രീതി കൂടുതൽ കൃഷിയിടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ധാരണയായി.
- ശിവകുമാർ എന്ന കർഷകന്റെ പുതുതായി ആരംഭിച്ച എസ്എസ്ഐ കരിമ്പ് കൃഷി മാതൃകാ തോട്ടം സന്ദർശിച്ചു, സ്ഥിതിഗതികൾ വിലയിരുത്തി.
- കാന്തല്ലൂർ കൃഷിഭവൻ സന്ദർശിച്ചു എസ്എസ്ഐ കരിമ്പ് കൃഷി - കാന്തല്ലൂരിലെ സാധ്യതകൾ ചർച്ച ചെയ്തു.
- വിജയൻ എന്ന മുൻ എസ്എസ്ഐ മാതൃക കർഷകനുമായി നിലവിലെ കരിമ്പ് കൃഷിയിലെ രാഷ്ട്രീയ പരിസ്ഥിതികൾ സംബന്ധിച്ച് ചർച്ച നടത്തി. കൃഷി വകുപ്പിൽ നിന്നുമുള്ള സഹായങ്ങൾ ലഭിക്കുന്ന മുറയ്ക്ക് SSI പ്ലോട്ടുകളുടെ വ്യാപനവും തൈ ഉൽപ്പാദന നഴ്സറികളും ആരംഭിക്കും.

### 10.3 നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം

- ലോക ജൈവവൈവിധ്യ ദിനത്തോടനുബന്ധിച്ച് ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ 2025 മെയ് 16, 17, 18 തീയതികളിലായി നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം സംഘടിപ്പിക്കുന്നുണ്ട്. അടിമാലിയിലെ നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രത്തിലും മൂന്നാറിലുമായാണ് ത്രിദിന പഠന ക്യാമ്പ്. കുട്ടികളിൽ ജൈവവൈവിധ്യ അവബോധവും പരിസ്ഥിതി സംരക്ഷണ ശ്രമങ്ങളും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണ് പരിപാടി. ഇടുക്കി അടിമാലിയിൽ യുഎൻഡിപി പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകേരളം മിഷൻ സ്ഥാപിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന പഠനകേന്ദ്രത്തിന്റെ കമ്യൂണിറ്റി തല പരിപാടികളുടെ ഭാഗമായാണ് പഠനോത്സവം.
- 7, 8, 9 ക്ലാസ്സുകളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി ബ്ലോക്ക് – ജില്ലാതല മെഗാ ക്വിസ്, ഓപ്പൺ ആക്ടിവിറ്റി മത്സരങ്ങൾ ഏപ്രിൽ മാസത്തിൽ സംഘടിപ്പിച്ചു. ഈ മത്സരങ്ങളിൽ വിജയികളായവരാണ് അടുത്ത മാസത്തിൽ നടക്കുന്ന സംസ്ഥാനതല പഠനോത്സവത്തിൽ പങ്കെടുക്കുന്നത്. പരിസ്ഥിതി, ജൈവവൈവിധ്യം എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു ബ്ലോക്ക്,ജില്ലാ തല ക്വിസ് മത്സരം സംഘടിപ്പിച്ചത്. തദ്ദേശസ്ഥാപന തലത്തിൽ പങ്കെടുത്ത 4318 പേരിൽ നിന്നും മത്സര വിജയികളായ 608 കുട്ടികളെ ഉൾപ്പെടുത്തി നടത്തിയ ജില്ലാതല ക്വിസ് മത്സരങ്ങളിൽ വിജയികളായ 60 വിദ്യാർത്ഥികളാണ് സംസ്ഥാന പഠനോത്സവത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.
- പഠനോത്സവവുമായി ബന്ധപ്പെട്ട് മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്നാർ വൈൽഡ്

ലൈഫ് വാർഡൻ ഓഫീസ് സന്ദർശിക്കുകയും ഇരവികുളം നാഷണൽ പാർക്കിലെ സന്ദർശനവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. പഠനോത്സവവുമായി ബന്ധപ്പെട്ട താമസം, ഭക്ഷണം, ഹാൾ, സൗണ്ട്, വെളിച്ചം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട സജീകരണങ്ങൾ ഒരുക്കി.

## 11. ഗ്രീൻ പ്രോട്ടോകോൾ

എറണാകുളം ജില്ലയിൽ കോതമംഗലം മുനിസിപ്പാലിറ്റിയിൽ ഏപ്രിൽ 8, 9, 10, 11 തീയതികളിൽ കോതമംഗലം മാർബേസിൽ സ്കൂൾ ഗ്രൗണ്ടിൽ നടക്കുന്ന സംസ്ഥാന കേരളോത്സവം ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് നടന്നു.

## 12. തനത് പ്രവർത്തനങ്ങൾ

### 12.1 ഹരിത ഗ്രന്ഥശാലകൾ

ഹരിത ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ട പ്രവർത്തനങ്ങളിൽ മാർഗ്ഗരേഖ ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ ചുവടെ പറയുന്ന നിർദേശങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്.

- ❖ ഭക്ഷണമാലിന്യം ശേഖരിക്കാൻ പ്രത്യേകം ബിൻ സ്ഥാപിക്കൽ, ശേഖരിക്കുന്ന ഭക്ഷണമാലിന്യങ്ങൾ കമ്പോസ്റ്റാക്കി മാറ്റുന്നതിന് അനുയോജ്യമായ ഏതെങ്കിലും കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ ഒരുക്കി ഇതിൽ നിന്നു ലഭിക്കുന്ന വളം ഉപയോഗിച്ച് പൂന്തോട്ടം, കൃഷി തുടങ്ങിയവ നടത്തണം.
- ❖ ഗ്രന്ഥശാലയിൽ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾക്ക് സമ്പൂർണ നിരോധനം ഏർപ്പെടുത്തൽ, നടക്കുന്ന പരിപാടികളിൽ കുപ്പിവെള്ളം, പ്ലാസ്റ്റിക് കപ്പുകൾ, പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് സ്ട്രോ, പ്ലാസ്റ്റിക് സ്പൂൺ, ഡിസ്പോസബിൾ പ്ലേറ്റുകൾ തുടങ്ങിയവ പൂർണമായും ഒഴിവാക്കണം.
- ❖ ഗ്രന്ഥശാലയുടെ മുൻപാകെ തന്നെ വാട്ടർ ഡിസ്പെൻസർ, വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിക്കലും, സ്റ്റീൽ ഗ്ലാസുകൾ, പ്ലേറ്റുകൾ, ജാർ തുടങ്ങിയവ വാങ്ങി സൂക്ഷിക്കലും ചെയ്യണം.
- ❖ ഭക്ഷണ വിതരണത്തിനായി ചുമതലപ്പെടുത്തുന്നവരോട് ഒറ്റത്തവണ ഉപയോഗ സാധനങ്ങൾ പൂർണമായും ഒഴിവാക്കണമെന്ന കർശന നിബന്ധന വയ്ക്കണം.
- ❖ പരിപാടികൾ നടത്തുമ്പോൾ ഉപയോഗിക്കുന്ന ബാനറുകൾ നിരോധിത പി.വി.സി. ഫ്ലക്സ് കൊണ്ട് നിർമ്മിച്ചവയല്ല എന്ന് ഉറപ്പാക്കൽ, തുണിബാനർ ഉപയോഗിക്കാൻ ശ്രമിക്കുകയോ പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ടുള്ള ബാനറുകൾ ഉപയോഗിക്കുകയോ ചെയ്യണം.
- ❖ തോരണം ഉൾപ്പെടെയുള്ള അലങ്കാരങ്ങൾ പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ടു നിർമ്മിച്ചവയോ പുനരുപയോഗ സാധ്യമായവയോ ആണെന്ന് ഉറപ്പുവരുത്തണം..
- ❖ പായ്ക്കിംഗ് മെറ്റീരിയൽ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ കൃത്യമായി തരംതിരിച്ച് സൂക്ഷിക്കാൻ ബിന്നുകൾ സ്ഥാപിക്കുകയും അവ ഹരിത കർമസേന വഴി യൂസർഫീ നൽകി കൈമാറുകയും ചെയ്യണം.
- ❖ ഒരു തരത്തിലുള്ള മാലിന്യങ്ങളും വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നില്ല എന്ന് ഉറപ്പാക്കൽ, ഗ്രന്ഥശാലയിലെ ടോയ്‌ലെറ്റ് വൃത്തിയുള്ളതും ജലലഭ്യതയുള്ളതുമായി സൂക്ഷിക്കണം.
- ❖ ജലത്തിന്റെയും വൈദ്യുതിയുടെയും മിതോപയോഗം ഉറപ്പുവരുത്തൽ, പുറത്തുനിന്നുള്ള സംഘടനകളോ വ്യക്തികളോ ആണ് പരിപാടികൾ നടത്തുന്നതെങ്കിൽ ഗ്രന്ഥശാലാ പരിസരമോ ഹാളുകളോ അനുവദിക്കുമ്പോൾ ഇക്കാര്യം ഉറപ്പാക്കിയ ശേഷം മാത്രം അനുമതി കൊടുക്കണം.
- ❖ ടോയ്‌ലെറ്റ്, വാഷ് ബെയ്സിൻ എന്നിവിടങ്ങളിൽ നിന്ന് വരുന്ന മലിനജലം ഒരു കാരണവശാലും പുറത്തേയ്ക്ക് ഒഴുക്കാതെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം.
- ❖ ഗ്രന്ഥശാലയും പരിസരവും എപ്പോഴും വൃത്തിയായി സൂക്ഷിക്കുകയും സ്ഥലലഭ്യതയ്ക്കനുസരിച്ച് പൂന്തോട്ടം, പാർക്ക്, ചിത്രച്ചുവരുകൾ തുടങ്ങിയവ നിർമ്മിച്ച് സൗന്ദര്യവത്ക്കരിക്കുകയും ചെയ്യണം..
- ❖ ഗ്രന്ഥശാലയിലും പരിസരത്തും പാലിയ്ക്കേണ്ട ഹരിത പെരുമാറ്റച്ചട്ടങ്ങൾ സംബന്ധിച്ച് അറിയിപ്പ് ബോർഡ് സ്ഥാപിക്കൽ, ഹരിത ഗ്രന്ഥശാലയായി പ്രഖ്യാപിച്ചാൽ ബോർഡ് സ്ഥാപിക്കണം.
- ❖ ഗ്രന്ഥശാല ഹരിതമാക്കുന്നതോടൊപ്പം ഗ്രന്ഥശാലാ പ്രവർത്തകരുടെ വീടുകൾ മാതൃകാ ശുചിത്വ

ഭവനങ്ങളാക്കുന്നതിനും ബോധവത്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

- ഗ്രന്ഥശാലാ പ്രവർത്തകരുടെ മുഴുവൻ പേരുടേയും വീടുകൾ മാലിന്യ സംസ്കരണത്തിന്റെ മാതൃകാ ഭവനങ്ങളാക്കണം. (മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, തരംതിരിക്കൽ, സംസ്കരിക്കൽ, ഹരിതചട്ടം പാലിച്ച് ശുചിത്വഭവനങ്ങളാകുന്നതിന് പരിശീലനം നൽകും).
- ശുചിത്വ ഭവനങ്ങളുടെ അടുത്ത ഘട്ടം എന്ന നിലയിൽ ഈ വീടുകളെ ഹരിത ഭവനങ്ങളാക്കി മാറ്റൽ. (പച്ചക്കറികൃഷി, ജലമിതോപയോഗം, വൈദ്യുതി ഉപയോഗം കുറയ്ക്കൽ, ഹരിത ഊർജ സാധ്യത പ്രയോജനപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കി ശുചിത്വ ഭവനങ്ങളെ ഹരിത ഭവനങ്ങളാക്കാം.
- ഹരിത ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ പൂർത്തിയായാൽ താലൂക്ക് ലൈബ്രറി കൗൺസിൽ വഴി അപേക്ഷിക്കുന്ന ഗ്രന്ഥശാലകൾക്ക് ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ വിലയിരുത്തി ഹരിത ഗ്രന്ഥശാല സാക്ഷ്യപത്രം നൽകുന്നത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട് ഇതുപ്രകാരം കേരളത്തിലെ 7061 ഗ്രന്ഥശാലകളിൽ നിന്നും 3112 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലയായി പ്രഖ്യാപിച്ചിട്ടുണ്ട്.
- ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിലെ ലൈബ്രറി കൗൺസിൽ ബാലവേദി മെൻ്റർമാർക് ശിൽപ്പശാല സംഘടിപ്പിച്ചു. മാത്രമല്ല ഗ്രന്ഥശാലകളെ ഹരിത ഗ്രന്ഥശാലകൾ ആക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് 5 ഇടപെടൽ റിപ്പോർട്ട് മാസം നടത്തിയിട്ടുണ്ട്.
- എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ പോലീസ് ലൈബ്രറി ഹരിത ഗ്രേഡിങ് പൂർത്തീകരിക്കുകയും, ഹരിത ഗ്രന്ഥശാല സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.
- വയനാട് ജില്ലയിൽ പൊഴുതന ഗ്രാമപഞ്ചായത്തിലെ കുട്ടിപ്പ ഗ്രന്ഥാലയം, കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ഗ്രാമചൈതന്യ ഗ്രന്ഥാലയം, ദയ ഗ്രന്ഥാലയം, വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഗ്രന്ഥശാലകളും ഹരിത ഗ്രന്ഥശാലകളായി പ്രഖ്യാപിച്ചു.
- കാസർഗോഡ് ജില്ലയിൽ ഇതുവരെ 306 ഗ്രന്ഥാലയങ്ങൾ ഓഡിറ്റ് നടത്തിയതിൽ 270 ഹരിതഗ്രന്ഥാലയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 204 ഗ്രന്ഥാലയങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

| ജില്ല | ഹരിതഗ്രന്ഥാലയം | | |
|---|---|---|---|
| | ആകെ ഗ്രന്ഥാലയങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ ഗ്രന്ഥാലയങ്ങൾ | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 621 | 24 | 3.86% |
| കൊല്ലം | 760 | 336 | 44.21% |
| പത്തനംതിട്ട | 350 | 7 | 2.00% |
| ആലപ്പുഴ | 326 | 146 | 44.79% |
| കോട്ടയം | 365 | 46 | 12.60% |
| ഇടുക്കി | 168 | 49 | 29.17% |
| എറണാകുളം | 509 | 300 | 58.94% |
| തൃശ്ശൂർ | 469 | 260 | 55.44% |
| പാലക്കാട് | 610 | 320 | 52.46% |
| മലപ്പുറം | 546 | 238 | 43.59% |
| കോഴിക്കോട് | 591 | 255 | 43.15% |
| വയനാട് | 261 | 97 | 37.16% |
| കണ്ണൂർ | 1010 | 761 | 75.35% |
| കാസർഗോഡ് | 475 | 273 | 57.47% |
| ആകെ | 7061 | 3112 | 44.07% |

## 12.2 പാറക്വാറി റീചാർജ്

- കൊല്ലം കരീപ്രയിൽ ക്വാറിയിലെ വെള്ളം ഹരിത ഊർജ്ജം ഉപയോഗിച്ച് കൃഷിക്ക് ഉപയോഗിക്കുന്ന രീതിയിൽ സംസ്ഥാനതെ മറ്റ് ക്വാറികളിലെ വെള്ളം ഹരിത ഊർജ്ജം ഉപയോഗിച്ച് കൃഷിക്ക് ഉപയോഗിക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ 3 കോടി സംസ്ഥാന ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുണ്ട്. കൃഷി, ജലസേചനം, ഭൂജലവിതാനം ഉയർത്തൽ എന്നിവ കാര്യക്ഷമമായി നടത്തുവാൻ ക്വാറിയിലെ വെള്ളം ഉപയോഗിക്കാവുന്നതാണ്. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 286 ക്വാറിയിലേയ്ക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

- ❖ നിലവിൽ 5 പാറക്വാറികളിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ 50 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 5 ക്വാറികളിലും ഹൈഡ്രോഗ്രാഫിക് സർവ്വേ പ്രവർത്തങ്ങളും നടന്നു വരുന്നു
- ❖ കൊല്ലം ജില്ലയിൽ പാറക്വാറി റീചാർജ്ജിങ്ങുമായി ബന്ധപ്പെട്ട് നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ കൊഴുവൻ ക്വാറി, കുളക്കട ഗ്രാമപഞ്ചായത്തിലെ വെണ്ടാർ, ഏരൂർ ഗ്രാമപഞ്ചായത്തിലെ ഇളവറാംകുഴി എന്നിവിടങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ ക്വാറിയിൽ നിന്നും റോഡ് മുറിച്ചു പൈപ്പ് ഇടുന്നതിനും തോട് തെളിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനിച്ചു. 3 ക്വാറികളിലേക്കും KSEB-യിൽ നിന്നും ത്രീ ഫേസ് കണക്ഷൻ എടുക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ത്രീ ഫേസ് കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനം ആരംഭിക്കുന്നതാണ്.
- ❖ തൃശൂർ ജില്ലയിൽ വേലൂർ ഗ്രാമപഞ്ചായത്തിലെ തയ്യൂർ, നമ്പീശൻ ക്വാറികളിൽ ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം ഉദ്യോഗസ്ഥർ സന്ദർശനം നടത്തുകയും, പ്രാഥമിക പരിശോധന നടത്തുകയും ചെയ്തു.

## 12.3 സുസ്ഥിര തൃത്താല

- ❖ തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിനുള്ള സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല.

### സുസ്ഥിര തൃത്താല പദ്ധതിയുമായി ബന്ധപ്പെട്ട് ഏപ്രിൽ മാസത്തിൽ നടന്ന പരിപാടികൾ

- ❖ 2025 ഏപ്രിൽ 11 മുതൽ ആരംഭിക്കുന്ന കാർഷിക കാർണിവൽ പരിപാടിയുടെ നടത്തിപ്പ് ആലോചന യോഗം ഏപ്രിൽ 8 നു എ.ഡി.എ-യുടെ നേതൃത്വത്തിൽ ചേർന്നു. കാർഷിക കാർണിവൽ സബ്കമ്മിറ്റി യോഗം ഏപ്രിൽ 9 നു നവകേരളം മിഷൻ ജില്ലാ കോർഡിനേറ്ററുടെ അധ്യക്ഷതയിൽ ചേർന്നു.
- ❖ സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി വിഷു-റംസാൻ കാർഷിക കാർണിവൽ 2025 ഏപ്രിൽ 11, 12, 13 തിയ്യതികളിലായി നാഗലശ്ശേരി വാഴക്കാട് പാടശേഖരത്തിൽ വെച്ച് സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി.രാജേഷ് നിർവ്വഹിച്ചു.
- ❖ സുസ്ഥിര തൃത്താല കാർഷിക കാർണിവൽ 2025 ഏപ്രിൽ 11 നു കെ.ജി.ഒ.എ - യുടെ നേതൃത്വത്തിൽ വാഴക്കാട് പാടശേഖരത്തിൽ വിളയിച്ച വിഷരഹിത പച്ചക്കറിയുടെ വിളവെടുപ്പും, വിൽപ്പനയും പ്രദർശന മേളയും ആരംഭിച്ചു. വിവിധ വകുപ്പുകളുടെ പ്രദർശന വിൽപ്പന സ്റ്റാളുകളും ഫുഡ് കോർട്ടും ഇതിന്റെ ഭാഗമായി ഒരുക്കിയിരുന്നു.
- ❖ പാലക്കാട് ജില്ലയിൽ ദ്രവ മാലിന്യ സംസ്കരണ ഉപാധികളുടെ സ്ഥാപനത്തിൽ ഒന്നാം സ്ഥാനം നേടുന്നതിന് തിരുമിറ്റക്കോട് പഞ്ചായത്തിനെ പ്രാപ്തരാക്കിയ, സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി ഏറ്റവും കൂടുതൽ സോക്ക് പിറ്റ് നിർമ്മിച്ച MGNREGS AE, ഓവർസിയർ മേറ്റുമാർ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എം ബി രാജേഷ് അഭിനന്ദിച്ചു.
- ❖ 2025 ഏപ്രിൽ 22 നു സുസ്ഥിര തൃത്താല പദ്ധതിയുടെ അവലോകന യോഗം ചേർന്നു.
- ❖ 2025 മെയ് 15 നു സുസ്ഥിര തൃത്താല പദ്ധതിയുടെ അവലോകന യോഗം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## 12.4 എന്റെ കേരളം 2025

- ❖ വയനാട് ജില്ലയിൽ സംസ്ഥാന സർക്കാരിന്റെ നാലാം വർഷികാഘോഷത്തോടനുബന്ധിച്ച് 'എന്റെ കേരളം 2025' പ്രദർശന വിപണന മേളയിൽ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ

ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഫോട്ടോ പ്രദർശനം, മിഷൻ പ്രവർത്തനങ്ങളുടെ വീഡിയോ, ജില്ലയിൽ തയ്യാറാക്കിയ ജലബജറ്റ് പുസ്തകം എന്നിവ പ്രദർശിപ്പിച്ചു.

- ❖ കാസർഗോഡ് ജില്ലയിൽ സർക്കാറിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് ഹരിത കേരളം മിഷൻ 2 സ്റ്റാളുകൾ ഒരുക്കി. പൂർണമായും ഹരിതപ്രോട്ടോക്കോൾ പാലിച്ചാണ് ഹരിത കേരളം മിഷൻ സ്റ്റാൾ ഓരുക്കിയത്. തലപ്പായിലാണ് ബോർഡ് നിർമ്മിച്ചത്.

## 13. പരിസ്ഥിതി സംഗമം - തിരുവനന്തപുരം - ശില്പശാല

പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവർക്ക് അവരുടെ പ്രവർത്തനം വിദഗ്ധരുടെ മുൻപിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തുന്നതിനുള്ള അവസരം ഒരുക്കുന്നതിനു വേണ്ടി ലോക ജലദിനവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷൻ 2025 മാർച്ച് 24, 25 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് **പരിസ്ഥിതി സംഗമം** സംഘടിപ്പിച്ചു. കൂടാതെ, മികച്ച പ്രവർത്തനം നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സംഘടനകളെയും വ്യക്തികളെയും വിവിധ സ്ഥാപനങ്ങളേയും പരിസ്ഥിതി സംഗമത്തിൽ ആദരിച്ചു. ഈ പരിപാടിയുടെ ഭാഗമായി തിരഞ്ഞെടുത്ത മികച്ച മാതൃകകൾ അവതരിപ്പിച്ചു.

പരിസ്ഥിതി സംഗമം തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. നവകേരളത്തിനായി ജലസുരക്ഷാ സമീപന രേഖയും മുഖ്യമന്ത്രി പ്രകാശനം ചെയ്തു. ജലസുരക്ഷാ സമീപന രേഖ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ ഐ.എ.എസ്. ഏറ്റുവാങ്ങി. പശ്ചിമഘട്ട പ്രദേശങ്ങളിൽ തരിശ് കിടക്കുന്ന തണ്ണീർ തടങ്ങളിൽ നെൽകൃഷി തിരികെ കൊണ്ടുവരാൻ നടത്തിയ പ്രവർത്തനങ്ങൾക്ക് പ്രചോദനമായ ഇടുക്കി അടിമാലിയിലെ കട്ടമുടിയിൽ നിന്നുള്ള നീലമ്മയെ മുഖ്യമന്ത്രി ആദരിച്ചു. പ്രളയത്തിലും കോവിഡിലും തങ്ങൾക്ക് ഭക്ഷണവും അരിയും നൽകി ചേർത്തു നിർത്തിയത് മുഖ്യമന്ത്രി ആണെന്ന് പറഞ്ഞ് കട്ടുമുടിയിൽ നിന്ന് കൊണ്ടുവന്ന അരി മുഖ്യമന്ത്രിക്ക് നൽകി നീലമ്മ നന്ദി പ്രകാശിപ്പിച്ചു.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ മൊബൈൽ ആപ്പ് പ്രകാശനം കാട്ടാക്കട MLA ഐ.ബി.സതീഷ് നിർവഹിച്ചു. നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ മാർഗ്ഗരേഖ ഐ.ബി.സതീഷ് MLA KSWMP പ്രൊജക്റ്റ് ഡയറക്ടർ ഡോ.ദിവ്യ.എസ് അയ്യർ IAS-ന് നൽകി പ്രകാശനം ചെയ്തു. നവ കേരളത്തിന്റെ പരിസ്ഥിതി മികവുകളുടെ പ്രബന്ധ സമാഹാരത്തിന്റെ പ്രകാശനം തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ. സുരേഷിനു കൈമാറിക്കൊണ്ട് നിർവഹിച്ചു. നവകേരളം ന്യൂസ് ലെറ്ററിന്റെ 50-ാം പതിപ്പ് പ്രകാശനം തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ ഐ.ബി.സതീഷ് MLA-ക്ക് നൽകി നിർവഹിച്ചു.

മാപത്തോണിന്റെ ഭാഗമായി തയ്യാറാക്കിയ ഭൂപടം സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സ് ഹരിതകേരളം മിഷന്റെ കൊല്ലം ജില്ലാ കോർഡിനേറ്റർ ഐസക്കിന് കൈമാറി പ്രകാശനം ചെയ്തു. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന ക്യാമ്പയിനിന്റെ ആദ്യ ഘട്ടത്തിൽ തന്നെ നെറ്റ് സീറോ എമിഷൻ പദവിയിലെത്തിയ എട്ട് സ്ഥാപനങ്ങളെയും ചടങ്ങിൽ ആദരിച്ചു.

നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ. സീമ സ്വാഗതം ആശംസിച്ച ചടങ്ങിൽ ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാനും ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ കേരള ജനറൽ സെക്രട്ടറിയുമായ എം കൃഷ്ണദാസ് MGNREGS മിഷൻ ഡയറക്ടർ രവിരാജ് ആർ, ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ ജി.കെ സുരേഷ് കുമാർ, പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടർ രജത്ത് തുടങ്ങിയവർ സംസാരിച്ചു.

ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിതകേരളം മിഷൻ പ്രതിനിധികൾ, കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ തുടങ്ങിയവർ സംഗമത്തിന്റെ ഭാഗമായി. ജലസുരക്ഷ, പരിസ്ഥിതി പുനസ്ഥാപനം, മാലിന്യപരിപാലനം എന്നീ മേഖലകളിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ

നടന്ന മികച്ച പ്രവർത്തനങ്ങളെ ഉൾപ്പെടുത്തിയാണ് സംഗമം സംഘടിപ്പിച്ചത്.

ഹരിത കേരളം മിഷൻ നേതൃത്വം നൽകിയ യു.എൻ.ഡി.പി. പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ പൂർണമായും ആദിവാസി കർഷകർ മാത്രം കൃഷി ചെയ്യുന്ന അടിമാലി ഗ്രാമപഞ്ചായത്തിലെ കട്ടമുടിയിൽ ആരംഭിച്ച കൃഷി ഇപ്പോൾ തുടർച്ചയായി മൂന്നാം വർഷം മുടക്കമില്ലാതെ നടക്കുകയാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന അരി കട്ടമൂടി റൈസ് എന്ന പേരിൽ ബ്രാൻഡ് ചെയ്തിട്ടുണ്ട്. അവർക്ക് സർട്ടിഫിക്കറ്റ് നൽകുകയും ആദരിക്കുകയും ചെയ്തു. പട്ടികവർഗ്ഗ വകുപ്പിന്റെ നേതൃതത്തിൽ ഈ കർഷകർക്ക് കൃഷി പ്രവർത്തനങ്ങൾ ആയാസരഹിതമാക്കുന്നതിന് സഹായിക്കുന്ന കാർഷിക യന്ത്രങ്ങളുടെ വിതരണം ചെയ്യുന്നതിനും ലക്ഷ്യമിടുന്നു. ഹരിതടൂറിസം പ്രവർത്തനങ്ങൾ മാതൃകാപരമായി നിർവഹിച്ച തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും ഈ അവസരത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സുരക്ഷിതമാക്കം പശ്ചിമഘട്ടം ക്യാമ്പയിന്റെ ഭാഗമായി മാപ്പിങ് പ്രവർത്തനം പൂർത്തീകരിച്ച 216 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അതിന്റെ തുടർപ്രവർത്തനമായി നീർച്ചാൽ വിണ്ടെടുക്കൽ പ്രവർത്തനം മികച്ച രീതിയിൽ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും അനുമോദിച്ചു.കാനാമ്പുഴ വീണ്ടെടുക്കൽ പ്രവർത്തനത്തിന് നേതൃത്വം കൊടുത്തവരെ പരിസ്ഥിതി സംഗമത്തിൽ അഭിനന്ദിച്ചു.ആലപ്പുഴ ജില്ലയിൽ വികേന്ദ്രീകൃത ദ്രവമാലിന്യ പരിപാലനത്തിന് നേതൃത്വം നൽകിയ ജില്ലാ കളക്ടർ ഇതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ പരിസ്ഥിതി സംഗമത്തിൽ അവതരിപ്പിച്ചു. ഈ പ്രവർത്തനത്തിന് നേതൃത്വം നൽകിയ ജില്ലാ കളക്ടറെ അനുമോദിക്കുകയും ചെയ്തു.ഹരിതകേരളമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ പ്രാഥമിക ജലഗുണനിലവാര ലാബുകളിൽ കൂടുതൽ പരിശോധന നടത്തിയ സ്കൂളുകളിലെ ചുമതലക്കാരെ പരിസ്ഥിതി സംഗമത്തിൽ അഭിനന്ദിച്ചു. ഹരിതകേരളമിഷന്റെ നേതൃത്വത്തിൽ ജലബജറ്റ് തയ്യാറാക്കിയ തദ്ദേശ സ്ഥാപനങ്ങളിൽ അതിനു തുടർച്ചയായി ജലസുരക്ഷ പ്ലാൻ തയ്യാറാക്കുകയും അതു നടപ്പിലാക്കികൊണ്ട് ജലദൌർലഭ്യം അനുഭവപ്പെടുന്ന കാലയളവിൽ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പല സ്ഥലത്തും നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ മാതൃകാ പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും അതിന് നേതൃത്വം കൊടുത്തവരേയും പരിസ്ഥിതി സംഗമത്തിൽ അനുമോദിച്ചു.

**കേരളത്തിലെ നെറ്റ് സീറോ കാർബൺ കേരളം മാതൃകകൾ**

ലോക ജലദിനത്തോടനുബന്ധിച്ച് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ സംഘടിപ്പിച്ച പരിസ്ഥിതി സംഗമത്തിന്റെ ഭാഗമായി നെറ്റ് സീറോ കാർബൺ കേരളം' എന്ന വിഷയത്തിൽ അവതരണങ്ങൾ നടന്നു.കാസർഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. പ്രസന്നകുമാരി നെറ്റ് സീറോ കാർബൺ കേരളത്തിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തിവരുന്ന പദ്ധതികളുടെയും പ്രവർത്തങ്ങളുടെയും വിശദീകരണം നടത്തി.ഹരിതസ്പർശം എന്ന ജീവനക്കാരുടെ കൂട്ടായ്മയിലൂടെ കണ്ണൂർ സെൻട്രൽ ജയിലിനെ ഇന്ത്യയിലെ ആദ്യ നെറ്റ് സീറോ കാർബൺ ജയിൽ എന്ന പദവിയിലെത്തിക്കുവാൻ നടത്തുന്ന പ്രവർത്തനങ്ങൾ കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് കെ. വേണു അവതരിപ്പിച്ചു.ജൈവവൈവിധ്യം നിറഞ്ഞ ഭൂപ്രകൃതിയുള്ള ഗോശ്രീ ദ്വീപിൽ ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി (ജിഡ) നടപ്പാക്കി വരുന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ജിഡ സെക്രട്ടറി രഘുരാമൻ അവതരണം നടത്തി. നെറ്റ് സീറോ കാർബൺ കേരളം എന്ന പദ്ധതിയ്ക്ക് സാങ്കേതിക പിന്തുണ നൽകുന്ന വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയിലെ സീനിയർ റിസോഴ്സ് അസ്സോസിയേറ്റ് ഇജാസ്.എം.എ. ഊർജ്ജമേഖലകളിൽ നടത്തി വരുന്ന പലവിധ പ്രവർത്തങ്ങളെക്കുറിച്ച് വിഷയാവതരണം നടത്തി.

**കേരളത്തിലെ ശുചിത്വ-മാലിന്യ സംസ്കരണ മാതൃകകൾ**

പരിസ്ഥിതി സംഗമത്തിന്റെ വേദിയിൽ ശുചിത്വ-മാലിന്യ സംസ്കരണം എന്ന വിഷയത്തിൽ, മാലിന്യ സംസ്കരണ മേഖലയിലെ മാതൃകകൾ മനസ്സിലാക്കാനും വിശകലനം ചെയ്യാനുമായി നിരവധി അവതരണങ്ങൾ നടന്നു.

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. അജീഷ് കെ. പരിസ്ഥിതി സൗഹൃദ ബീച്ചായ ചാൽ ബീച്ചിൽ നടത്തി വരുന്ന പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിച്ചു. 'കുന്നംകുളം' മാതൃകകളെക്കുറിച്ച് കുന്നംകുളം നഗരസഭാ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ വിഷ്ണു വിശദീകരിച്ചു. പാലക്കാട് ഗവ.എൽ.പി. സ്കൂൾ നടപ്പിലാക്കുന്ന ഹരിത വിദ്യാലയം മാതൃകയെപ്പറ്റി സ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി ഷൈല ടി.ഇ. അവതരണം നടത്തി. പത്തനംതിട്ട നഗരസഭയിൽ 'പത്തരമാറ്റോടെ പത്തനംതിട്ട' അവതരണം മുനിസിപ്പാലിറ്റി ചെയർമാൻ അഡ്വ. ടി. സക്കീർ ഹുസൈൻ നടത്തി. ജനകീയതയിൽ തീർത്ത കോയിലാണ്ടിയുടെ ശുചിത്വ പെരുമഴയെക്കുറിച്ച് തഹസിൽദാർ ശ്രീമതി ജയശ്രീ എസ്. വാര്യർ വിശദീകരിച്ചു. പെരിന്തൽമണ്ണയിൽ നടത്തി വരുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെക്കുറിച്ച് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം ശ്രീ. സന്തോഷ് വിവരിച്ചു. മാലിന്യക്കൂമ്പാരത്തിൽ നിന്നും കരുവേലിപ്പടിയെ മാറ്റിയെടുക്കുന്നതിനെപ്പറ്റി കൊച്ചി നഗരസഭ ഡിവിഷൻ 10 ലെ കൗണ്ടസിലർ ബാസ്റ്റിൻ ബാബു അവതരണം നടത്തി. മാലിന്യ സംസ്കരണത്തിൽ മാതൃകകളാക്കാൻ കഴിയുന്ന നഗരസഭയാണ് ആറ്റിങ്ങൽ. ക്ലീൻ സിറ്റി മാനേജർ ശ്രീ. രാംകുമാർ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഇടുക്കിയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് നടത്തി വരുന്ന പ്രവർത്തനങ്ങളെ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ആനന്ദ് സുനിൽകുമാർ അവതരിപ്പിച്ചു. ആലപ്പുഴ മുനിസിപ്പാലിറ്റി നടത്തി വരുന്ന ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെക്കുറിച്ച് ഹെൽത്ത് ഓഫീസർ വർഗീസ് കെ.പി. വിശദീകരിച്ചു. മാലിന്യം നിക്ഷേപിക്കുന്ന ഇടങ്ങൾ കണ്ടെത്തി പൂന്തോട്ടങ്ങളും പാർക്കും നിർമ്മിക്കുന്ന പ്രവൃത്തികൾ പായം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.രജനി വിശദീകരിച്ചു. എളപ്പള്ളി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയഡയപ്പർ ഇൻസിനറേറ്റർ പദ്ധതി എ.സി. കണ്ണൻ നായർ മെമ്മോറിയൽ യു.പി.എസ്. നടത്തി വരുന്ന പ്രവർത്തനങ്ങൾ, നിലമ്പൂർ തേക്ക് മ്യൂസിയം, മാർമല അരുവി, വയ്യാങ്കരചിറ, താമരക്കുളം ഹരിത ടൂറിസം തുടങ്ങിയവയെപ്പറ്റിയും വിഷയാവതരണങ്ങൾ നടന്നു.

**പച്ചപ്പ് കാക്കാൻ പച്ചത്തുരുത്തുകൾ, ഒരു വിജയഗാഥ**

ലഭ്യമായ സ്ഥലങ്ങളിലെല്ലാം തന്നെ തനതായ മരങ്ങളും തദ്ദേശീയ സസ്യങ്ങളും വെച്ചുപിടിപ്പിച്ച് കേരളത്തെ ജീവജാലങ്ങളുടെ പച്ചത്തുരുത്തായി മറ്റിയ വിജയഗാഥകളാണ് പരിസ്ഥിതി സംഗമ വേദിയിൽ അവതരണത്തിന് എത്തിയത്.

പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി 15 വാർഡുകളിലായി 155 പച്ചത്തുരുത്തുകൾ ഒരുക്കിയ വിജയഗാഥയാണ് കാസർഗോട്ടെ മടിക്കൈ ഗ്രാമപഞ്ചായത്ത് പങ്കുവച്ചത്. സ്വന്തമായുള്ള 130 ഏക്കറിൽ പച്ചത്തുരുത്തുകൾ ഒരുക്കിയ പ്രവർത്തനങ്ങൾ കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് പഞ്ചായത്ത് വിവരിച്ചു. കോളേജ് ക്യാമ്പസിനുള്ളിലെ 10 ഏക്കർ സ്ഥലത്ത് പച്ചത്തുരുത്ത് ഒരുക്കി ഹരിത സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജം നൽകുന്ന മാതൃകയാണ് കോട്ടയം, പൂഞ്ഞാർ, കോളേജ് ഓഫ് എഞ്ചിനീയറിംഗ് (ഐ.എച്ച്.ആർ.ഡി.) അവതരിപ്പിച്ചത്. കണ്ടൽ പച്ചത്തുരുത്ത് പുനസ്ഥാപനത്തെക്കുറിച്ച് ആലപ്പുഴയിലെ ദേവികുളങ്ങര പഞ്ചായത്തും അവതരണം നടത്തി.20 വർഷം മുമ്പ് നിലച്ചുപോയ നെൽകൃഷി പുനസ്ഥാപിച്ച് ഒരു ഗ്രാമത്തെ മുഴുവൻ മാറ്റിമറിച്ച വിജയഗാഥയാണ് തിരുവനന്തപുരം, പിരപ്പമൺകാട് പാടസംരക്ഷണ സമിതി അവതരിപ്പിച്ചത്. 40 വർഷത്തിലധികമായി തരിശിട്ടു കിടക്കുകയായിരുന്ന പശ്ചിമഘട്ടത്തിലെ 20 ഏക്കർ പാടശേഖരം വീണ്ടെടുക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി 'കുഞ്ചിപ്പെട്ടി അരി' എന്ന ബ്രാൻഡ് പുറത്തിറക്കിയ കാർഷിക നേട്ടത്തെക്കുറിച്ച് അടിമാലി പഞ്ചായത്ത് വിവരിച്ചു.തരിശുരഹിത ഗ്രാമം യാഥാർഥ്യമാക്കാൻ കാർഷിക രംഗത്തെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ഇതിലൂടെ ജൈവ പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിച്ചിരിക്കുകയുമാണ് പാലക്കാട്, മുതുതല ഗ്രാമപഞ്ചായത്ത്.മാമം നദിയുടെ വീണ്ടെടുപ്പിനായി ആവിഷ്കരിച്ച 'പുഴയൊഴുകും മാണിക്കൽ' പദ്ധതിയും ഈ വിജയത്തിനു പിന്നാലെ നെല്ല്, താമര, ചെറുധാന്യ കൃഷിയിൽ കൈവരിച്ച നേട്ടങ്ങളും തിരുവനന്തപുരത്തെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന പദ്ധതിയായി വിശദീകരിച്ചു.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 30.04.2025 വരെ കരാറിലേർപ്പെട്ട 5,79,568 ഗുണഭോക്താക്കളിൽ 4,52,156 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ / വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്) - (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 4,91,626 | 3,70,713 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,900 | 27,837 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,79,568** | **4,52,156** |

### 2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ

### വ്യക്തിഗത ഭവനം

| | |
|---|---|
| ഭൗതികലക്ഷ്യം 2025-26 (ബജറ്റ് പ്രഖ്യാപനം) | - 1,00,000 |
| 2024-25-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - 95,922 |
| 2025-26-ൽ പുതിയതായി കരാറിലേർപ്പെട്ടവർ | - 32,015 |
| **ആകെ** | **- 1,27,937** |
| 2025-26 വർഷം പൂർത്തീകരിച്ച വീടുകൾ | - 525 |
| പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - 1,27,412 |
| റൂഫ് | - 12,993 |
| ലിൻറിൽ | - 13,046 |
| ബേസ്മെൻറ് | - 18,864 |
| നിർമ്മാണം ആരംഭിച്ചവർ | - 36,708 |
| നിർമ്മാണം ആരംഭിക്കാത്തവ | - 45,801 |
| **ആകെ** | **- 1,27,412** |

| 2025 മാർച്ച് വരെ | 2025 ഏപ്രിൽ മാസം | 2025 ഏപ്രിൽ വരെ |
|---|---|---|
| **4,51,631** | **525** | **4,52,156** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 6,160 കുടുംബങ്ങളിൽ 3,839 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | **3,66,590** |
| **ഭൂരഹിത ഭവനരഹിതർ** | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുളള ഭൂമിയുള്ള ഭവനരഹിതരിൽ 30.04.2025 വരെ 1,20,258 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

| 2025 മാർച്ച വരെ | 2025 ഏപ്രിൽ മാസം | 2025 ഏപ്രിൽ വരെ |
|---|---|---|
| 1,18,314 | 1,944 | 1,20,258 |

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 30.04.2025 വരെ 2232.815 സെന്റ് (22.32 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച **മനസ്സോടിത്തിരി മണ്ണ്** ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിൻറെ **MoU** ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11.12.2024-ന് ഒപ്പിട്ട് കൈമാറുകയുണ്ടായി. ഇതിന്റെ ഭാഗമായി 425 ഗുണഭോക്താക്കളുടെ രേഖകൾ ശേഖരിച്ചതിൽ 325 രേഖകൾ കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷന് കൈമാറിയിട്ടുണ്ട്. 39 പേരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച **MoU**-ൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ ഡിസ്ട്രിക്ട് ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും, ഒരു അമ്നിറ്റി സെന്ററും ടി പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

കടയ്ക്കൽ, കിളിമാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന 25 വീതം വീടുകളുടെ ശിലാസ്ഥാപനം 2025 ജനുവരി 9-ന് അതത് ഗ്രാമപഞ്ചായത്തുകളിൽ വെച്ച് ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെൻററികാര്യ വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് നിർവ്വഹിച്ചു.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പാർട്ട്ണർഷിപ്പിലൂടെ 2 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഒരു ഭവനസമുച്ചയത്തിൻറെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

# വിദ്യാകിരണം

വിദ്യാകിരണം മിഷന്റെ സംസ്ഥാനതല അവലോകനയോഗം ബഹു.പൊതുവിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ ഏപ്രിൽ മാസം പത്താം തീയതി വിദ്യാകിരണം മിഷൻ ജില്ലാ കോർഡിനേറ്റർമാരും വിദ്യാഭ്യാസ വകുപ്പിലേയും വിദ്യാകിരണം മിഷനിലേയും ഉദ്യോഗസ്ഥരും പങ്കെടുത്തു.

പൊതുവിദ്യാഭ്യാസ വകുപ്പ് പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം, കോട്ടൺഹിൽ സ്കൂളിൽ വച്ച് സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ വിദ്യാകിരണം മിഷൻ പ്രസിദ്ധീകരിച്ച ഒന്നാം ക്ലാസിലെ കുട്ടികളുടെ ഡയറിക്കുറിപ്പുകളും രക്ഷിതാക്കളുടെയും അധ്യാപകരുടെയും അനുഭവക്കുറിപ്പുകളും ഉൾക്കൊള്ളുന്ന, ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി എഡിറ്ററായി തയ്യാറാക്കിയ 'കുരുന്നെഴുത്തുകൾ' എന്ന പുസ്തകം പ്രകാശനം ചെയ്തു. 'കുരുന്നെഴുത്തുകൾ' എന്ന പുസ്തകത്തിലെ രചയിതാക്കളായ വിദ്യാർത്ഥികൾക്ക് കൈമാറിക്കൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി പ്രകാശനം നിർവഹിച്ചത്. ഒന്നാം ക്ലാസിലെ കുട്ടികളുടെ സർഗാത്മകങ്ങളായ രചനകൾ സംസ്ഥാന വിദ്യാഭ്യാസ മന്ത്രി തന്നെ എഡിറ്ററായി പ്രസിദ്ധീകരിക്കുന്നത് രാജ്യത്ത് തന്നെ ആദ്യ അനുഭവമാകാം. കുട്ടികളുടെ ചിന്തകളുടെയും എഴുത്തിന്റെയും ഉയർന്നുവരുന്ന വൈകാരിക തലവും പ്രകടിപ്പിക്കുന്നതിലെ വൈവിധ്യവും കുരുന്നെഴുത്തുകളിൽ ശ്രദ്ധേയമാണ്.

പ്രസ്തുത ചടങ്ങിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ, ആന്റണി രാജു എംഎൽഎ, നവകേരളം കോഡിനേറ്റർ ഡോ ടി എൻ സീമ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ് IAS, എസ്. സി. ഇ. ആർ. ടി. ഡയറക്ടർ ഡോ. ആർ. കെ. ജയപ്രകാശ്, സമഗ്ര ശിക്ഷാ കേരള ഡയറക്ടർ ഡോ. ആർ. സുപ്രിയ, വാർഡ് കൗൺസിലർ രാഖി രവികുമാർ, വിദ്യാകിരണം മിഷനിലെയും വിദ്യാഭ്യാസ വകുപ്പിലെയും ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഭൗതിക സൗകര്യ വികസനം

നവകേരളം കർമ്മപദ്ധതി II, വിദ്യാകിരണം മിഷന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട്, എം.എൽഎ. ഫണ്ടുകൾ, മറ്റ് ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തി ഭൗതികസൗകര്യ വികസനം നടത്തുന്നു. 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. ഇത് പ്രയോജനപ്പെടുത്തി നടത്തിയ ഭൗതികസൗകര്യ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5കോടി | 141 | 139 | 2 |
| 3 കോടി | 386 | 182 | 204 |
| 1 കോടി | 446 | 198 | 248 |
| **ആകെ** | **973** | **519** | **454** |

- തൃശ്ശൂർ ജില്ലയിൽ 1 കോടി 30 ലക്ഷം രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർവ്വഹണ ഏജൻസിയായ കില നിർമ്മിക്കുന്ന കിഴുപ്പിള്ളിക്കര ഗവൺമെൻറ് നളന്ദ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം 2025 ഏപ്രിൽ 2 ബുധനാഴ്ച രാവിലെ 10 ന് നടന്നു.
- മലപ്പുറം ജില്ലയിൽ ജി.എം യു.പി.സ്കൂൾ വെളിയങ്കോട് സൗത്ത് സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം 12-4-2025-ന് ബഹു കായിക വകുപ്പു മന്ത്രി ശ്രീ. വി.അബ്ദു റഹ്മാൻ നിർവഹിച്ചു.
- ജി.യു.പി.എസ്.പുള്ളിയിൽ സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം 04-4-2025ന് കരുളായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയശ്രീ അഞ്ചേരി നിർവഹിച്ചു.
- എടക്കാപറമ്പ് ഗവൺമെന്റ് എൽ.പി. സ്കൂളിന് ലഭിച്ച കെട്ടിടത്തിന്റെ നിർമാണ പ്രവൃത്തി ഉദ്ഘാടനം 15-4-2025 ന് നടന്നു.
- ജി.എച്ച്.എസ്.എസ് കടുങ്ങപുരം സൗത്ത് സ്കൂൾ കെട്ടിടത്തിന്റെ നിർമാണ പ്രവൃത്തി ഉദ്ഘാടനം

25-4-2025ന് ബഹു.കായിക വകുപ്പു മന്ത്രി വി.അബ്ദുറഹിമാൻ നിർവഹിച്ചു.

- മഞ്ചേരി ഗവ: ഗേൾസ് ഹയർ സെക്കൻഡറി സ്കൂകൂളിനു അനുവദിച്ച 3 കോടി 90 ലക്ഷം രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന നാലുനില കെട്ടിടത്തിന്റെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട സംസ്ഥാന കായിക -വഖഫ്- ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ നിർവഹിച്ചു.

## അക്കാദമിക പ്രവർത്തനങ്ങൾ

### സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന് പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. ഓരോ വിദ്യാർത്ഥിയുടെയും സമഗ്രമായ ലക്ഷ്യത്തിലൂന്നിയ പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ നടക്കുന്നത്. ഓരോ ക്ലാസിലും വിവിധ വിഷയ മേഖലകളിൽ കുട്ടി നേടേണ്ട ശേഷികൾ അതതു ക്ലാസുകളിൽ തന്നെ നേടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടത് പ്രധാനമാണ്. വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനോടൊപ്പം പൊതുസമൂഹത്തിന്റെ പിന്തുണയോടെ അക്കാദമിക മികവിലേയ്ക്കുയരുന്ന പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ടത്. ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് 8 മേഖലകളിലായി സൂക്ഷ്മതല പ്രവർത്തനങ്ങളാണ് സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വിദ്യാർത്ഥികൾ അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസ വിചക്ഷണർ, പൊതുസമൂഹം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇതര വകുപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെയാണ് ഈ വിദ്യാഭ്യാസ മുന്നേറ്റം സാധ്യമാക്കുന്നത്.

### ബ്ലോക്ക് തല യോഗങ്ങൾ

സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയുടെ ബ്ലോക്ക്തല യോഗങ്ങൾ ഏപ്രിൽ, മെയ് മാസങ്ങളിലായി ജില്ലകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ നടക്കും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, പഞ്ചായത്ത്/നഗരസഭാ അധ്യക്ഷൻ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, ഉദ്യോഗസ്ഥർ എന്നിവർ വിവിധ യോഗങ്ങളിൽ പങ്കെടുത്തു. ബ്ലോക്ക് തല സമിതികൾക്ക് രൂപം നൽകുകയും ബ്ലോക്ക് പരിധിയിൽ തദ്ദേശസ്ഥാപനതല യോഗങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും സമയക്രമം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

### പൊതുയിട പഠനോത്സവങ്ങൾ

പൊതുവിദ്യാഭ്യാസ മികവുകൾ അവതരിപ്പിക്കുന്നതിനും ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്രശിക്ഷാ കേരളയും ചേർന്ന് പഠനോത്സവങ്ങൾ സംഘടിപ്പിച്ചു. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ ഓരോ കുട്ടിയും എത്രത്തോളം ആർജ്ജിച്ചു എന്ന് തിരിച്ചറിയാൻ രക്ഷിതാക്കൾക്കും സമൂഹത്തിനും അവസരം ലഭിക്കുന്നതിനായി സംഘടിപ്പിക്കുന്ന പഠനോത്സവങ്ങൾ കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ മികവ് വിലയിരുത്തുന്ന വേദികൾ കൂടിയാണ്. പഠനോത്സവങ്ങൾ പൊതുസ്ഥലങ്ങളിലാണ് സംഘടിപ്പിക്കുന്നത്. പ്രദേശത്തെ ക്ലബ്ബുകൾ, കുടുംബശ്രീക്കാർ നാട്ടുകാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് പഠനോത്സവങ്ങൾ സംഘടിപ്പിക്കപ്പെട്ടു. കുട്ടികളുടെ അക്കാദമിക മികവുകൾ മാത്രമാണ് അവതരിക്കപ്പെട്ടത്.

### ലഹരി വിരുദ്ധ കാമ്പയിൻ

മലപ്പുറം ജില്ലയിൽ സമഗ്രശിക്ഷാ കേരളം നിലമ്പൂർ ബി.ആർ.സി.യുടെയും നിലമ്പൂർ നഗരസഭയുടെയും സംയുക്താഭിമുഖ്യത്തിൽ 'കളിയാണ് ലഹരി' എന്ന സന്ദേശവുമായി നിലമ്പൂർ ഉപജില്ലയിലെ ഭിന്നശേഷി കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന ഫുട്ബോൾ പരിശീലനവും കിക്കോഫ് 2025 എന്ന പേരിൽ സൗഹൃദ മത്സരവും സംഘടിപ്പിച്ചു.

### അവധിക്കാല പഠന ശില്പശാല

മലപ്പുറം ജില്ലയിലെ എടപ്പാൾ ബിആർസിയുടെ ആദിമുഖ്യത്തിൽ ഭിന്നശേഷി കുട്ടികൾക്കുള്ള അവധിക്കാല പഠന ശില്പശാല 'വെളിച്ചം 2025 ആറു ദിവസങ്ങളിലായി 27 കുട്ടികളുടെ

പങ്കാളിത്തത്തോടെ നടന്നു. മലയാളം, ഇംഗ്ലീഷ്, ഗണിതം, പ്രവർത്തിപരിചയം. ക്രാഫ്റ്റ് എന്നീ മേഖലകളിലാണ് ശില്പശാല നടത്തിയത്.

### നീലക്കുറിഞ്ഞി ജൈവ വൈവിധ്യ ക്വിസ്

നവകേരള മിഷന്റെ നേതൃത്വത്തിൽ നീലക്കുറിഞ്ഞി ജൈവവൈവിധ്യ ശില്പശാലയിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാകിരണം കോഡിനേറ്റർകൂടി സഹകരിച്ച് എല്ലാ ജില്ലകളിലും ശില്പശാലകൾ സംഘടിപ്പിക്കുകയും കുട്ടികളെ തിരഞ്ഞെടുക്കുകയും സംസ്ഥാനതല ശില്പശാലയിലേക്ക് കുട്ടികളെ പങ്കെടുപ്പിക്കുന്നതിനു വേണ്ട ഇടപെടലുകൾ നടത്തുകയും ചെയ്തു.

### തനത് പ്രവർത്തനങ്ങൾ

#### ഐ ലാബ് / ഇന്റഗ്രേറ്റഡ് ലാബ് - പഠനോപകരണവിതരണം

- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട നാല് ജില്ലകളിലാണ് ഐലാബ് പഠനോപകരണ വിതരണം നടന്നത്. ഗവൺമെൻറ് യുപി സ്കൂളുകളിൽ 113 ഇനങ്ങൾ അടങ്ങുന്ന ഇന്റഗ്രേറ്റഡ് ലാബ് പഠനോപകരണങ്ങൾ ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ ജില്ലകളിലാണ് ആദ്യഘട്ടമായി പദ്ധതി നടപ്പിലാക്കുന്നത്. ആലപ്പുഴ ജില്ലയിൽ 11 ബി ആർ സികൾ വഴിയും എറണാകുളം ജില്ലയിൽ 15 ബി ആർ സികൾ വഴിയും കണ്ണൂർ ജില്ലയിൽ 15 ബി ആർ സികൾ വഴിയും പഠനോപകരണങ്ങൾ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലേക്ക് വിതരണം ചെയ്തു.
- പാലക്കാട് ജില്ലയിലെ 13 ബി ആർസികളുടെ കീഴിലുള്ള യുപി ക്ലാസിലെ ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെടുത്തി അധ്യാപകർക്ക് പഠന വിഷയങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന 113 ഇനങ്ങൾ അടങ്ങുന്ന ഇന്റഗ്രേറ്റഡ് ലാബ് ഉപകരണങ്ങളുടെ വിതരണം ജില്ലയിൽ പൂർത്തിയായി. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയും സമഗ്രശിക്ഷാ കേരളയും സംയുക്തമായി നടപ്പിലാക്കുന്ന ഐ ലാബ് പദ്ധതിയുടെ ഭാഗമായാണ് ഉപകരണ വിതരണം നടക്കുന്നത്. അടുത്ത അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ മികച്ച ക്ലാസ് റൂം അനുഭവങ്ങൾ ലാബുകളുടെ ഉപയോഗത്തിലൂടെ കുട്ടികൾക്ക് ഒരുക്കുവാനാണ് ലക്ഷ്യമിടുന്നത്.
- 2025 ഏപ്രിൽ 2 ഓട്ടിസം ദിനത്തോടനുബന്ധിച്ച് മലപ്പുറം ജില്ലയിൽ പുതുപൊന്നാനിയിൽ രക്ഷിതാക്കൾക്കു വേണ്ടി രക്ഷാകർത്തൃ പരിശീലനം സംഘടിപ്പിച്ചു.
- സിംഗിൾ യൂസ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് ബദൽ കണ്ടെത്തി ഇതിലൂടെ ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് വീടില്ലാത്ത വിദ്യാർത്ഥികൾക്ക് വീട് വച്ച് നൽകുന്ന പദ്ധതിയാണ് Econest. കോട്ടപ്പുറം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ NSS വളണ്ടിയർമാർ തിരുവനന്തപുരത്ത് നടക്കുന്ന ക്ലീൻകേരള കോൺക്ലേവിൽ പങ്കെടുക്കുകയും തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷ് മുമ്പാകെ പദ്ധതി വിശദീകരിക്കുകയും കിറ്റ് കൈമാറുകയും ചെയ്തു.
- നൈപുണി വികസന കേന്ദ്രത്തിന്റെ പോസ്റ്റർ പ്രകാശനം നടന്നു. കേരളത്തിലെ യുവ ജനങ്ങളുടെ നൈപുണികളും കഴിവും വർദ്ധിപ്പിക്കുന്നതിനും സംരംഭകത്വശേഷി പരിപോഷിപ്പിക്കു ന്നതിനും സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സ്റ്റാർസ് പ്രൊജക്ടിന്റെയും ഭാഗമായി സമഗ്രശിക്ഷാ കേരളത്തിന്റെയും പൊന്നാനി യു ആർ സി യുടെയും നേതൃത്വത്തിൽ തൃക്കാവ് ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ ആരംഭിക്കാനിരിക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ പോസ്റ്റർ, ബ്രോഷർ എന്നിവയുടെ പ്രകാശനം നടന്നു.

#### നടനം - 2025 creative drama workshop

- താനൂർ ബി. ആർ. സി യിൽ വച്ച് 2025 ഏപ്രിൽ 29 ന് 10 മണിക്ക് വിവിധ പഞ്ചായത്തുകളിൽ നിന്ന് തിരഞ്ഞെടുത്ത 35 കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് നടനം creative drama workshop സംഘടിപ്പിച്ചു. കുട്ടികൾക്കായി മഞ്ഞുരുക്കൽ. ഗ്രൂപ്പിങ് ആക്ടിവിറ്റി, സ്റ്റോറി ടെല്ലിങ്, സ്കിറ്റ്, ടാബ്ലോ, skill development ന് വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾ എന്നിവർ നൽകി. കഥ പറച്ചിൽ ഒരു ആശയം കൊടുത്തു കൊണ്ട് കുട്ടികൾ അത് കഥാരൂപത്തിൽ പൂർത്തീകരിച്ചു. എല്ലാ കുട്ടികളും സാധ്യമായ രൂപത്തിൽ പ്രതികരിച്ചു. റോൾ പ്ലേയിൽ വിവിധ സന്ദർഭങ്ങൾ കൊടുത്തുകൊണ്ട് ഗ്രൂപ്പുകളാക്കി

അധ്യാപകരുടെ സഹായത്താൽ കുട്ടികൾ അവതരിപ്പിച്ചു. ഓരോ ഗ്രൂപ്പുകളിലും കുട്ടികൾക്ക് കഴിയുന്ന രീതിയിൽ മികച്ച പ്രകടനം കാഴ്ച വച്ചു.

- വരപ്പാട്ട് - ഓട്ടിസം സെന്റർ അവധിക്കാല പ്രവർത്തനം : പാട്ടും വരെയും ഒത്തുചേർന്നപ്പോൾ കുട്ടികൾക്ക് അതൊരു പുതിയ അറിവും അനുഭവവും ആയി മാറി.

### മന്ത്രിതല ഉദ്യോഗസ്ഥയോഗം

വയനാട് ജില്ലയിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് മുൻനിർത്തി ബഹുമാനപ്പെട്ട പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ.ഒ.ആർ കേളുവിന്റെ അധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം നടത്തി. 11/04/2025ന് പനമരം കൈറ്റ് ഹാളിൽ ചേർന്ന യോഗത്തിൽ വിദ്യാഭ്യാസം, പട്ടികവർഗ വികസനം, എൽ.എസ്.ജി.ഡി തുടങ്ങിയ വകുപ്പുകളുടെ പ്രധാന ഉദ്യോഗസ്ഥർ പങ്കെടുത്തു. വിദ്യാകിരണം മിഷൻ ജില്ലാ കോർഡിനേറ്ററും പ്രസ്തുത മീറ്റിംഗിന്റെ ഭാഗമായിരുന്നു.

### എന്റെ കേരളം പ്രദർശന വിപണന മേള

- വയനാട് ജില്ലയിൽ സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി നടന്ന പ്രദർശന വിപണന മേളയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ശ്രദ്ധേയമായ പങ്കാളിത്തം കാഴ്ചവച്ചു.
- ഏപ്രിൽ 21 മുതൽ 28 വരെ കൽപ്പറ്റ എസ് കെ എം ജെ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടന്ന മേളയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് തീം സ്റ്റാൾ ഒരുക്കുകയുണ്ടായി. എസ്.എസ്.കെ, ഡയറ്റ്, കൈറ്റ്, വിദ്യാകിരണം മിഷൻ, വിദ്യാലയങ്ങൾ എന്നിവയുടെയെല്ലാം പങ്കാളിത്ത ത്തോടെയാണ് സ്റ്റാളുകളും അനുബന്ധ പരിപാടികളും സംഘടിപ്പിച്ചത്. പ്രദർശനമേളയിൽ വകുപ്പുകൾ ഒരുക്കിയ തീം സ്റ്റാളുകളിൽ പൊതുവിദ്യാഭ്യാസവകുപ്പിന് മൂന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. പരിപാടിയുമായി ബന്ധപ്പെട്ട് നടത്തിയ വിളംബര റാലിയിൽ ഉൾപ്പെടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മികച്ച പങ്കാളിത്തം ഉറപ്പാക്കാനായി.

### വൈ ഐ പി ബ്ലോക്ക് തല ക്യാമ്പുകൾ

വയനാട് ജില്ലയിൽ യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം 6.0 യുടെ പ്രാഥമിക വിലയിരുത്തലിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി ബ്ലോക്ക്തല ക്യാമ്പുകൾ സംഘടിപ്പിച്ചു. ഏപ്രിൽ 22, 23 തീയതികളിൽ സുൽത്താൻബത്തേരി ബി.ആർ.സി, പനമരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലാണ് ദ്വിദിന നോൺ റസിഡൻഷ്യൽ ക്യാമ്പുകൾ സംഘടിപ്പിച്ചത്.

### എട്ടാംക്ലാസ്സ് വാർഷിക പരീക്ഷാഫലവും തുടർസഹായവും മോണിറ്ററിംഗ്

കണ്ണൂർ ജില്ലയിൽ സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തി. എട്ടാം ക്ലാസ്സ് വാർഷിക പരീക്ഷാഫലം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ടാണ് മോണിറ്ററിംഗ് നടത്തിയത്. ഡി ഇ ഒ, ഡയറ്റ് പ്രിൻസിപ്പാൾ, ഡയറ്റ് ഫാക്കൽറ്റി, വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിലായിരുന്ന സ്കൂൾ മോണിറ്ററിംഗ് നടത്തിയത്.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ.പി പരിവർത്തനം | 43 | 22 (52%) | 14 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 152 | 98 (64%) | 24 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 885 | 726 (82%) | 58 |

## 2) വാർഷിക ആരോഗ്യ പരിശോധന

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായുള്ള എല്ലാ പരിശീലനങ്ങളും പൂർത്തിയായി.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 30/04/2025 വരെ 1,28,22,410(71%) വ്യക്തികളുടെ സർവേ പൂർത്തിയായി. 01/04/2025 മുതൽ 30/04/2025 വരെ 4,90,428 (2.7%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,89,220 (39%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 6783 (1.4%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 5526 (1%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 10,524 (2%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും 6120 (1%) പേർക്ക് കുഷ്ഠരോഗ സാധ്യതയുള്ളതായും 1,12,775 (23%) പേർക്ക് കാഴ്ച സംബന്ധമായ രോഗസാധ്യതയുള്ളതായും 13,141 (3%) പേർക്ക് കേൾവി സംബന്ധമായ രോഗസാധ്യതയുള്ളതായും 4367 (1%) പേർക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- 01/04/2025 മുതൽ 30/04/2025 വരെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ തുടർ സ്ക്രീനിങ്ങിൽ 24,141 (ആകെ പരിശോധിച്ചവരിൽ 23%) പേർക്ക് രക്താതിമർദ്ദവും 3092 (ആകെ പരിശോധിച്ചവരിൽ 3%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 5,58,66 (12%) പേരുടേയും പ്രമേഹം മാത്രമുള്ള 40,406 (8%) പേരുടേയും ഇവ രണ്ടുമുള്ള 24,806 (5%) രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ സ്ക്രീനിങ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായുള്ള ജനകീയ ആരോഗ്യ കേന്ദ്രം പോർട്ടൽ ഇ ഹെൽത്ത് വികസിപ്പിച്ചു. ശൈലി സർവേ കഴിഞ്ഞ വ്യക്തികളുടെ ജനകീയ ആരോഗ്യ കേന്ദ്ര തല തുടർ സ്ക്രീനിങ് ഈ പോർട്ടൽ വഴിയാണ് നടന്നു വരുന്നത്.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി
- ❖ 1,28,21,741 (71%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 2,43,898 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ 2025 ഏപ്രിൽ മാസത്തിൽ മാത്രം (01/04/2025 മുതൽ 30/04/2025 വരെ) 4,90,428 (2.7%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 6783 (1.4%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർ പരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്.
- ❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- ❖ സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- ❖ സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ❖ ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- ❖ സെർവിക്കൽ ക്യാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനമെടുത്തു.
- ❖ മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ ക്യാൻസർ സെന്ററിൽ ഇത് ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.
- ❖ സർക്കാർ മേഖലയിൽ ആദ്യമായി ആർ.സി.സി യിൽ സർഫസ് ഗൈഡഡ് റേഡിയേഷൻ തെറാപ്പി ആരംഭിച്ചു. സാധാരണ കോശങ്ങൾക്ക് കേടുപാട് വരുത്താതെ കാൻസർ കോശങ്ങളിൽ മാത്രം കൃത്യമായ റേഡിയേഷൻ നൽകാനും പാർശ്വഫലങ്ങൾ കുറയ്ക്കാനും ഇതിലൂടെ സാധിക്കുന്നു.
- ❖ വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ആരംഭിച്ചു.
- ❖ സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള

ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.

- സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കാൻസറിന് റോബോട്ടിക് പീഡിയാട്രിക് സർജറി വിജയകരമായി നടത്തി.
- ക്യാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ഒരു വർഷം നീണ്ടു നിൽക്കുന്ന "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" എന്ന ജനകീയ ക്യാമ്പയിൻ 2025 ഫെബ്രുവരി 4 നു ആരംഭിച്ചു. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ളത്. 2025 മാർച്ച് 8 വരെയുള്ള ആദ്യഘട്ട ക്യാമ്പയിനിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്ക് സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടു. ക്യാമ്പയിനിന്റെ രണ്ടാം ഘട്ടത്തിൽ പുരുഷന്മാരെ കൂടെ ബാധിക്കുന്ന കോളൻ ക്യാൻസർ, ശ്വാസകോശ അർബുദം എന്നീ ക്യാൻസറുകൾക്കു സാധ്യത ഉള്ളവരെ കൂടി സ്ക്രീനിങ്ങിന് വിധേയരാക്കുന്നു "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" ക്യാമ്പയിനിൽ 30/04/2025 വരെ 1526 ആശുപത്രികളിലൂടെ 1530260 പേർ സ്ക്രീനിംഗിന് വിധേയരാവുകയും അതിൽ 50585 പേരെ ക്യാൻസർ സംശയിച്ച് തുടർ പരിശോധനകൾക്കായി റഫർ ചെയ്യുകയും ചെയ്തു.

## 4) നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം

- ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
- ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ് പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
- സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ വിശദമായ മാപ്പിംഗും ഗ്യാപ് അനാലിസിസും പൂർത്തിയാക്കി.
- എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.
- നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്‌വെയർ സംവിധാനം മലപ്പുറം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഇതിനായുള്ള പരിശീലനങ്ങളും പുരോഗമിക്കുന്നു.
- ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ 3 ജില്ലാ ആശുപത്രികൾ, 32 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 21 താലൂക്ക് ആശുപത്രികൾ, 539 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ലാബ് പരിശോധനകളുടെ സ്റ്റാൻഡേർഡൈസേഷൻ കൈവരിച്ചു.

## 5) വയോജന-സാന്ത്വന പരിചരണം

❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

❖ എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.

❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 30 ആയുർവേദ ഡോക്ടർമാർക്കും 29 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 750 ആയുർവേദ ഡോക്ടർമാരും 320 പാരാമെഡിക്കൽ സ്റ്റാഫുകളും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള ജില്ലാതല പരിശീലനങ്ങൾ നടത്തി.

❖ നിലവിൽ സംസ്ഥാനത്ത് **1,142** പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ **1,09,368** രോഗികൾക്കും **345** ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ **26,866** രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ **44** ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ **18** ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

❖ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ മുൻഗണന ഗൃഹ സന്ദർശനത്തിലൂടെ ഗുരുതര ആരോഗ്യ പ്രശ്നങ്ങളുള്ള **1,46,710** പേർക്ക് സേവനങ്ങൾ നൽകി വരുന്നു.

❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

❖ ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) 5 സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് യൂണിറ്റുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു.

❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.

❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.

❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.

❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ടത്തിൽ 30/04/2025 വരെ 1,28,22,410 (71%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,19,438 (0.9%) കിടപ്പുരോഗികളും 1,98,340 (1.5%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 41,96,167 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.
- 2025 ഏപ്രിൽ മാസം (01/04/2025 മുതൽ 30/04/2025 വരെ) 4,90,428 (2.7%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 4,058 (0.8%) കിടപ്പുരോഗികളും 6,847 (1.4%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 21,53,590 (31%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു. ഇതോടൊപ്പം രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 6,727 (1.4%) പേർക്ക് വാർദ്ധക്യ സഹജമായ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി തുടർപരിശോധനകൾക്കായി നിർദ്ദേശിച്ചിട്ടുണ്ട്.
- കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.
- സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും സംയോജിപ്പിച്ചു കൊണ്ടുള്ള പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ലോഞ്ച് 2025 മാർച്ച് 3 ന് ബഹു: മുഖ്യമന്ത്രി നിർവഹിച്ചു. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്.
- പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്തു സേവനങ്ങൾ തിരഞ്ഞെടുക്കാവുന്ന രീതിയിൽ കേരളത്തിലെ എല്ലാ പാലിയേറ്റീവ് കെയർ സംവിധാനങ്ങളെയും വിവിധ സേവന ദാതാക്കളെയും പാലിയേറ്റീവ് കെയർ ഗ്രിഡ് വഴി ബന്ധപ്പെടുത്തും. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രിഡ് രജിസ്ട്രേഷൻ, പരിശീലനങ്ങൾ എന്നിവ ജില്ലകളിൽ പുരോഗമിക്കുന്നു.
- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ക്വാളിറ്റി അസ്സസ്മെന്റ് ചെക്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ ആരംഭിച്ചു.
- കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ (അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ടവർ) രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള പരിശീലനങ്ങൾ എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.
- വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡൻറ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (SIP)" പദ്ധതിയുടെ സംസ്ഥാന തല ശില്പശാല നടത്തി. ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.
- 2025 ജനുവരി 1 മുതൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം, മാലിന്യമുക്തം നവകേരളം, ഗുണമേന്മയിൽ അധിഷ്ഠിതമായ പാലിയേറ്റീവ് പരിചരണം എന്നിവ പൂർണതോതിൽ യാഥാർത്ഥ്യമാക്കുന്നതിനായുള്ള സംസ്ഥാനതല ക്യാമ്പയിൻ ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോടെ ആരംഭിച്ചു.
- സാന്ത്വന പരിചരണ പദ്ധതിയുടെ നടത്തിപ്പിന് ജനപങ്കാളിത്തമുറപ്പാക്കുകയും നിലവിലെ ഗൃഹകേന്ദ്രീകൃത പരിചരണത്തോടൊപ്പം നിരാലംബരായ വയോജനങ്ങളെ പാർപ്പിച്ചിരിക്കുന്ന ഹോമുകൾ, സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പ്രവർത്തിക്കുന്ന വൃദ്ധ മന്ദിരങ്ങൾ എന്നിവിടങ്ങളിൽക്കൂടി പാലിയേറ്റീവ് കെയർ സേവനം എത്തിക്കുന്നതിന്റെ ഭാഗമായി, ഗ്രാമ, നഗര വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും

കുടുംബങ്ങളെയും കണ്ണി ചേർത്തുകൊണ്ട് എ പി എൽ, ബി പി എൽ വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കാനുമായി ജനകീയ മുന്നേറ്റം നടത്താനാണ് ഈ ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത്.

## 6) ഏകാരോഗ്യ സമീപനം (One Health Initiative)

- ❖ നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- ❖ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.
- ❖ ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായി. ഇതിനു മുന്നോടിയായി ഒരു ആസൂത്രണ ശില്പശാലയും ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെൻറ് ശില്പശാലയും സംഘടിപ്പിച്ചിരുന്നു. ഈ ശില്പശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിയാണ് പരിശീലനങ്ങൾ നടത്തിയത്.
- ❖ ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് ഫീൽഡുതല പരിശോധനകൾ സംഘടിപ്പിച്ചത്. ഫീൽഡുതല പരിശോധനകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല ടീമിനെയും നിയോഗിച്ചിരുന്നു. ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പഞ്ചായത്ത് മുൻഗണനാക്രമത്തിൽ അതാത് പഞ്ചായത്തിലെ രോഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ്തല പരിശോധനകൾ സംഘടിപ്പിച്ചു.
- ❖ ഫീൽഡുതല പരിശോധനകൾക്കു മുന്നോടിയായി വകുപ്പ് തല ഏകോപന യോഗങ്ങൾ, പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പ്രവർത്തന മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ മുതലായവയും ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു.
- ❖ ആദ്യഘട്ടത്തിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതിനെ തുടർന്ന് എല്ലാ ജില്ലകളിലും സംയോജിത പരിശോധനാ സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനാണ് ലക്ഷ്യം വച്ചു കൊണ്ട് സംസ്ഥാന-തല ശില്പശാല സംഘടിപ്പിച്ചു. ജോയിന്റ് ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷന്റെ വിപുലീകരണത്തിനും ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) ടൂൾകിറ്റ് പ്രയോഗികമാക്കുന്നതിനും വേണ്ടിയുള്ള പ്ലാനുകളും ശില്പശാലയിൽ തയ്യാറാക്കി.
- ❖ ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയ പരിശീലന സാമഗ്രികൾക്ക്

അന്തിമരൂപം നൽകുന്നതിനായി 2025 ജനുവരിയിൽ വെറ്റിങ്ങ് ശില്പശാല സംഘടിപ്പിച്ചു. പരിശീലനപരിപാടികൾ ഏപ്രിൽ ആദ്യവാരം ആരംഭിക്കുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്.

- ❖ നായ്ക്കൾ മൂലമുള്ള പേവിഷബാധ ഇല്ലാതാകുന്നതിന് സംസ്ഥാനതല ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനുള്ള ശില്പശാല സെന്റർ ഫോർ വൺ ഹെൽത്ത് കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഈ ശില്പശാലയിൽ ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെയും വിവിധ സന്നദ്ധ സംഘടനകളിലെയും പ്രതിനിധികൾ പങ്കെടുത്തു. ശില്പശാലയിൽ ആക്ഷൻ പ്ലാനിന്റെ കരട് തയ്യാറാക്കി.
- ❖ ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ❖ ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം പമ്പാബേസിൻ ജില്ലകളിലെ 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണ സംവിധാനം നിലവിൽ വരുത്തുക എന്നതാണ്. എന്നാൽ പമ്പാബേസിൻ ജില്ലകളിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (266) ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലൻസ് ടൂൾ കിറ്റ് ഫീൽഡുതലത്തിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്ക്കരിച്ച് അന്തിമരൂപത്തിലാക്കുന്നതിനുള്ള ടേബിൾ ടോപ്പ് എക്സർസൈസ് 2025 ഫെബ്രുവരി മാസത്തിൽ സംഘടിപ്പിച്ചു. ഇതിൽ വിവിധ തലത്തിലുള്ള വിദഗ്ധർ പങ്കെടുത്തു.
- ❖ ഏകാരോഗ്യം പദ്ധതിയിൽ ശേഷിക്കുന്ന ഒന്നര വർഷം നടപ്പാക്കേണ്ട പ്ലാൻ തയ്യാറാക്കുകയും അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മലമ്പനി (മലേറിയ), മന്തുരോഗം, ക്ഷയരോഗം, കുഷ്ഠരോഗം, മീസിൽസ്, കാലാ അസാർ തുടങ്ങിയ രോഗങ്ങളാണ് നിവാരണത്തിനായി ലക്ഷ്യമിട്ടിരിക്കുന്നത്.
- ❖ രോഗനിവാരണത്തിന് നിലവിലുള്ള സംസ്ഥാന/ജില്ലാ തല മാനദണ്ഡങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ഉറപ്പാക്കുവാനുള്ള വിവരശേഖരണവും, വിവരങ്ങളുടെ നിശ്ചിത മാതൃകയിലുള്ള ക്രോഡീകരണവും, തുടർ പ്രവർത്തനങ്ങളുമാണ് നിലവിൽ നടന്നു വരുന്നത്.
- ❖ സംസ്ഥാനത്ത് 1019 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ തദ്ദേശീയ മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ നിവാരണത്തിനുള്ള അർഹത കൈവരിച്ചു.
- ❖ 2024 വർഷത്തിൽ ആകെ 959 മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്തു. ഇവയിൽ ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കൊല്ലം, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 21 തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ 2022, 2023, 2024 വർഷങ്ങളിൽ തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്യാത്ത കോട്ടയം, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ സബ്-നാഷണൽ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ 11 ജില്ലകൾ മന്ത് രോഗ നിവാരണത്തിനുള്ള അർഹത കൈവരിച്ചു.
- ❖ മന്ത് രോഗ പ്രതിരോധത്തിനായുള്ള MDA (മാസ്സ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ) പൂർത്തീകരിച്ചതിനു ശേഷം മലപ്പുറം, പാലക്കാട് ജില്ലകളിൽ മൈക്രോഫൈലേറിയ സർവേയും Transmission Assessment Survey പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.
- ❖ മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.
- ❖ കാലാ അസാർ രോഗ നിവാരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും സുസ്ഥിരവികസന ലക്ഷ്യങ്ങൾ പ്രകാരമുള്ള ലക്ഷ്യം കൈവരിച്ചിട്ടിട്ടുണ്ട്. ഈ നേട്ടങ്ങൾ നിലനിർത്തുവാനും രോഗനിരീക്ഷണത്തിനുമായുള്ള പരിശീലനങ്ങൾ നൽകി വരുന്നുണ്ട്.
- ❖ പാലക്കാട് ഒഴികെയുള്ള ജില്ലകൾ കാലാ അസാർ നിവാരണത്തിനുള്ള അർഹത കൈവരിച്ചിട്ടുണ്ട്.

- കുഷ്ഠരോഗികളെ കണ്ടെത്തുന്നതിനുള്ള Leprosy Case Detection Campaign (LCDC) ക്യാമ്പയിൻ 2025 ഫെബ്രുവരി മാസത്തിൽ എല്ലാ ജില്ലകളിലും നടന്നു.
- കുഷ്ഠരോഗികളുമായി സമ്പർക്കത്തിലുള്ളവർക്കായുള്ള Post Exposure Prophylaxis സംസ്ഥാനത്ത് ആരംഭിച്ചു.
- മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്കാരം കേരളത്തിന് ലഭിച്ചു. 2024 ഡിസംബർ 7 മുതൽ 2025 മാർച്ച് 7 വരെ നടന്ന ക്ഷയരോഗ നിവാരണ പദ്ധതിയുടെ 100 ദിനകർമ്മ പരിപാടിയിൽ പരമാവധി നാറ്റ് ടെസ്റ്റ് ചെയ്തതിനുള്ള പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിപുലമായ ക്യാമ്പയിനാണ് ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചത്.
- 131 ഗ്രാമ പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗ മുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടി.
- വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്.
- 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.
- വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ജില്ലകളിലും നാഷണൽ ടുബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- ആദ്യഘട്ടമായി സംസ്ഥാനത്തെ 85 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ഇതിൽ 55 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 49 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 85 |
| നിർമ്മാണം പൂർത്തിയായവ | 55 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 49 |
| നിർമ്മാണം പുരോഗമിക്കുന്നവ | 28 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 3 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ആരോഗ്യകരമായ ജീവിതശൈലി, മാനസികാരോഗ്യം, വെൽനെസ്സ് എന്നിവയ്ക്കായി ശീലവൽക്കരണം നടത്തുവാൻ ലക്ഷ്യമിട്ടുള്ള വിവിധ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു. പ്രമേഹവും രക്താതിമർദ്ദവും പിയർ ഗ്രൂപ്പ് ഇടപെടലുകളിലൂടെ നിയന്ത്രിക്കാനുള്ള Structured Lifestyle Modification ക്യാമ്പയിൻ സംസ്ഥാനത്തെ 603 ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു.
- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ പുരോഗമിക്കുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് 2023 നവംബർ മാസത്തിൽ ആരംഭിച്ചു.
- ജലജന്യ രോഗ പ്രതിരോധത്തിനായുള്ള "ശുദ്ധം കുടിനീർ", എലിപ്പനി പ്രതിരോധത്തിനുള്ള "മൃത്യുമജയം" എന്നീ ക്യാമ്പയിനുകളും കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു.
- ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.
- വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു.
- ആരോഗ്യ സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനായി വീട്ടുമുറ്റ ആരോഗ്യസംവാദമായ "കോലായക്കൂട്ടം" എന്ന പരിപാടി കാസർഗോഡ് ജില്ലയിൽ നടന്നു വരുന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- വിവിധ ഗവേഷണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും സഹകരണത്തോടെ ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ SHSRC യുടെ നേതൃത്വത്തിൽ നടന്ന് വരുന്നു.
- പകർച്ചവ്യാധി പ്രതിരോധം ജീവിതശൈലീ രോഗ പ്രതിരോധം, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.
- വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) പ്രവർത്തനം ആരംഭിച്ചു.
- കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ

സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചു.

- ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്.
- കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 50 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 16 എണ്ണത്തിന്റെ റിപ്പോർട്ട് പൂർത്തിയായി, 7 എണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് പുരോഗമിക്കുന്നു, 5 എണ്ണത്തിന്റെ വിവരശേഖരണം പൂർത്തിയായി. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ-ന്റെ ധനസഹായത്തോടെ 5 ഗവേഷണങ്ങളും KSACS/NACO യുടെ ധനസഹായത്തോടെ 6 ഗവേഷണങ്ങളും നടന്നു വരുന്നു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ

- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 1544 യോഗങ്ങൾ ഏപ്രിൽ മാസം നടന്നിട്ടുണ്ട്.
- ഹരിത ഓഫീസിനായി 419 യോഗങ്ങളും, ഹരിത വിദ്യാലയം, ഹരിത കലാലയങ്ങൾക്കായി 54 യോഗങ്ങളും, ഹരിത ടൂറിസത്തിനായി 20 യോഗങ്ങളും, ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടത്തിനായി 33 യോഗങ്ങളും, ഹരിത ഗ്രന്ഥശാല 96 യോഗങ്ങളും, ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾക്കായി 50 യോഗങ്ങളും, ജലബജറ്റിനായി 41 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 40 യോഗങ്ങളും, കൃഷി മേഖലയുമായി ബന്ധപ്പെട്ട് 13 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- വിവിധ യോഗങ്ങളിൽ 3940 ജനപ്രതിനിധികളും 8935 ഉദ്യോഗസ്ഥരും, 8130 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 48913 പേർ ഏപ്രിൽ മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 10 ശിൽപ്പശാലകൾ നടത്തുകയും ആയതിൽ 492 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 17 പരിശീലനങ്ങൾ ഏപ്രിൽ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 934 പേർ പങ്കെടുത്തിട്ടുണ്ട്.
- ജനകീയമായ പ്രവർത്തങ്ങൾ നടത്തുന്നതിന്റെ ഭാഗമായി സന്നദ്ധ പ്രവർത്തനങ്ങൾ ഏപ്രിൽ മാസം നടന്നിട്ടുണ്ട്. മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിനുമായി ബന്ധപ്പെട്ടാണ് ഇതിൽ 2729 സന്നദ്ധ പ്രവർത്തങ്ങളും നടന്നിട്ടുള്ളത്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ഏപ്രിൽ മാസത്തിൽ 26355 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 201289 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഫെബ്രുവരി മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം 2025 ഏപ്രിൽ മാസം | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | നടന്ന യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | നടന്ന പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജന പ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| **മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| ഹരിത വിദ്യാലയം, ഹരിത കലാലയം | 54 | 67 | 196 | 221 | 484 | 0 | 0 | 0 | 0 | 535 | 7 | 1446 |
| ഹരിത ഓഫീസ് | 419 | 190 | 2007 | 361 | 2558 | 0 | 0 | 1 | 52 | 3631 | 1 | 123 |
| ഹരിത ടൂറിസം | 20 | 80 | 105 | 55 | 240 | 0 | 0 | 0 | 0 | 711 | 87 | 3184 |
| ഹരിത അയൽക്കൂട്ടം | 2 | 6 | 9 | 43 | 58 | 0 | 0 | 0 | 0 | 62 | 0 | 24 |
| ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾ | 50 | 157 | 171 | 273 | 601 | 0 | 0 | 0 | 0 | 1443 | 551 | 54305 |
| ഹരിത സഭ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ഹരിത ഗ്രന്ഥശാല | 96 | 261 | 275 | 472 | 1008 | 1 | 20 | 1 | 86 | 424 | 8 | 1189 |
| റെസിഡന്റ്സ് അസോസിയേഷൻ | 3 | 7 | 10 | 30 | 47 | 0 | 0 | 0 | 0 | 14 | 0 | 0 |
| വനമേഖലയിലെ മാലിന്യ പരിപാലനം | 1 | 0 | 23 | 5 | 28 | 1 | 85 | 2 | 70 | 37 | 0 | 30 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 33 | 96 | 144 | 208 | 448 | 0 | 0 | 0 | 0 | 881 | 370 | 10172 |
| ഹരിത KSRTC | 5 | 9 | 29 | 26 | 64 | 0 | 0 | 0 | 0 | 87 | 9 | 531 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 8 | 68 | 91 | 123 | 282 | 0 | 0 | 1 | 40 | 48 | 3 | 671 |
| മറ്റ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 200 | 822 | 1866 | 1754 | 4442 | 1 | 20 | 2 | 65 | 3120 | 351 | 28733 |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| മാപത്തോൺ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 111 | 0 | 370 |
| ജല ബജറ്റ് | 41 | 130 | 184 | 237 | 551 | 1 | 36 | 0 | 0 | 2519 | 0 | 149 |
| നീരുറവു | 8 | 19 | 83 | 35 | 137 | 1 | 85 | 2 | 180 | 116 | 9 | 22 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 4 | 0 | 42 | 8 | 50 | 0 | 0 | 0 | 0 | 84 | 0 | 2 |
| പാറക്വാറി പ്രവർത്തനങ്ങൾ | 3 | 9 | 8 | 8 | 25 | 0 | 0 | 0 | 0 | 31 | 0 | 32 |
| ജലഗുണനിലവാര ലാബ് | 2 | 10 | 5 | 15 | 30 | 0 | 0 | 0 | 0 | 88 | 0 | 64 |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| കാർഷിക പ്രവർത്തനങ്ങൾ | 13 | 32 | 40 | 185 | 257 | 0 | 0 | 0 | 0 | 155 | 0 | 186 |
| നെറ്റ്സീറോ കാർബൺ | 32 | 110 | 186 | 148 | 444 | 0 | 0 | 0 | 0 | 581 | 16 | 1430 |
| പഞ്ചായത്ത്തല കോർഗ്രൂപ് പ്രവർത്തനം | 8 | 21 | 24 | 88 | 133 | 0 | 0 | 0 | 0 | 202 | 0 | 59 |
| പച്ചത്തുരുത്ത് | 12 | 21 | 62 | 39 | 122 | 0 | 0 | 0 | 0 | 730 | 0 | 253 |
| തെങ്ങിന്-തടം മണ്ണിന് ജലം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 6 | 0 | 46 |
| **മറ്റ് പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| തനതു പ്രവർത്തനം | 521 | 1778 | 3252 | 3697 | 8727 | 5 | 246 | 8 | 441 | 10739 | 1317 | 98268 |
| കളക്ടറുടെ ജില്ലാ യോഗം | 5 | 7 | 80 | 38 | 125 | | | | | | | |
| ജില്ലാ മിഷൻ യോഗം | 1 | 2 | 21 | 55 | 78 | | | | | | | |
| തദ്ദേശ മിഷൻ യോഗം | 3 | 38 | 22 | 6 | 66 | | | | | | | |
| **ആകെ** | 1544 | 3940 | 8935 | 8130 | 21005 | 10 | 492 | 17 | 934 | 26355 | 2729 | 201289 |